കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നീലേശ്വരം നഗരസഭ

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി -4/ 103/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ് ജില്ല
തിയതി.02.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കാസറഗോഡ്

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
നീലേശ്വരം നഗരസഭ

സർ,

വിഷയം : നീലേശ്വരം നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം നഗരസഭയുടെ 2015-16 സാമ്പത്തികവർഷങ്ങളിലെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) ചട്ടം 20, 23, 1997ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) , (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം:കെ.എസ്.എ-കെ.എസ്.ഡി-4 /103 /2017 തിയതി : 02.02.2017

## <u>നീലേശ്വരം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വരവ് - ചെലവ്</u>

# കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

നീലേശ്വരം നഗരസഭയുടെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതിവിഹിതം, മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം, മറ്റ് ഏജൻസികളിൽ നിന്നും, വകുപ്പുകളിൽ നിന്നുമുള്ള ധനസഹായം, എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. നഗരസഭ 01-02-2016 മുതൽ 31-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജെസ്റ്റോ പോൾ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 21.01.2017 മുതൽ 31.01.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | ധനജയൻ.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗോപാലകൃഷ്ണ നായിക്, | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയാനന്ദ.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എം.ബാബു | സീനിയർഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| ചെയർപേഴ് സൻ | ശ്രീമതി.വി.ഗൗരി | 01-04-2015മുതൽ 11-11-2015വരെ |
| | ശ്രീ.കെ.പി.ജയരാജൻ | 12-11-2015 മുതൽ31-03-2016വരെ |
| സെക്രട്ടറി | ശ്രീ.എൻ.കെ.ഹരീഷ് | 01-04-2015മുതൽ 31-3-2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.ജാക്സൺ ജോസഫ് | 01.04.2015 മുതൽ 05.08.2015വരെ |
| | ശ്രീ.സിജോ.പി.എസ് | 06.08.2015 മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആർജിത.പി.വി | 01.04..2015 മുതൽ 31.03.2016വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.സരസമ്മ.ബി | 01.04..2015 മുതൽ 12.01.2016വരെ |
| | ശ്രീമതി.അനശ്രീ.കെ.പി | 13.01.2016 മുതൽ 31.03.2016വരെ |
| മെമ്പർ സെക്രട്ടറി | ശ്രീ.പ്രമോദ്.കെ | 01.04..2015 മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.നാരായണൻ | 01.04..2015 മുതൽ 03.06.2015വരെ |
| | ശ്രീമതി.ദിനപ്രഭ.കെ.പി | 04.06.2015 മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സൂര്യനാരായണ ഭട്ട് | 01.04..2015 മുതൽ 31.03.2016വരെ |
| M O ആയുർവ്വേദം | ഡോ.പൂർണ്ണിമ | 01.04..2015 മുതൽ 31.03.2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.സതീഷ് കുമാർ.എം | 01.04..2015 മുതൽ 31.03.2016വരെ |
| M O ഹോമിയോ | ഡോ.ജോളി ജെയിംസ് | 01.04..2015 മുതൽ 31.03.2016വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അരുൺ രാജ് | 01.04..2015 മുതൽ 31.03.2016വരെ |
| ഫിഷറീസ് സബ്-ഇൻസ് പെക്ടർ | ഡോ.രാഘവൻ | 01.04..2015 മുതൽ 31.03.2016വരെ |
| ഹെൽത്ത് ഇൻസ് പെക്ടർ | ശ്രീ.കെ.വി.വാസു | 01.04..2015 മുതൽ 31.03.2016വരെ |
| സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | ഡോ.ദിനേശ് കുമാർ | 01.04..2015 മുതൽ 09.04.2015വരെ |

| | | |
|---|---|---|
| | | |
| | ഡോ.സുരേശൻ | 10.04.2015 മുതൽ 24.08.2015വരെ |
| | ഡോ.ജമാൽ അഹമ്മദ് | 25.08.2015 മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-12 |
| | ഭാഗം 2 | |
| 13 | കെട്ടിടനിർമ്മാണ പെർമിറ്റ് ക്രമവൽക്കരിക്കുന്നതിന് ഫീസ് ഈടാക്കിയതിൽ കുറവ്. | 2-1 |
| 14 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-2 |
| 15 | പാരാമെഡിക്കൽ & ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ- റജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 2-3 |
| 16 | തൊഴിൽ നികുതി വരവ് - അപാകതകൾ | 2-4 |
| 17 | ടെണ്ടർ നോട്ടീസ് & ഇ എം ഡി - പുതുക്കിയ നിരക്ക് ഈടാക്കുന്നില്ല | 2-5 |

| | | |
|---|---|---|
| | ഭാഗം 3 | |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജ് പഠനത്തിന് ധനസഹായം പദ്ധതി - അപാകത. | 3-1 |
| 19 | നഗരസഭാ സെക്രട്ടറിക്ക് മുറിവാടക നൽകിയത്-അപാകത | 3-2 |
| 20 | മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല | 3-3 |
| 21 | ഇ.പി.എഫ് അടവ് വൈകിയതിന് പലിശ, ഡാമേജ് തുക ഒടുക്കിയത് | 3-4 |
| 22 | ചെലവ് വൌച്ചറുകൾ ഹാജരാക്കിട്ടില്ല 1,18,816/ രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 23 | പദ്ധതി നടത്തിപ്പിലെ അപാകത 71,906 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 24 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ | 3-7 |
| 25 | പട്ടികജാതി കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം പദ്ധതി- ആദ്യഗഡു കൈപ്പറ്റിയവർ വീട് നിർമ്മാണം തുടങ്ങിയിട്ടില്ല | 3-8 |
| 26 | മാലിന്യസംസ്കരണം - ക്ലീൻ കേരളാ ലിമിറ്റഡ് കമ്പനിയുടെ ഓഹരി വാങ്ങൽ പദ്ധതി. | 3-9 |
| 27 | GLPS പരത്തിക്കമുറിയുടെ കെട്ടിടം പൊളിച്ചു നീക്കൽ പ്രവൃത്തി-അപാകത | 3-10 |
| 28 | നഗരസഭയുടെ കാറിന്റെ ടയറുകൾ മാറ്റിയത് - പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ അനുമതി വാങ്ങിയിട്ടില്ല | 3-11 |
| 29 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ- സംബന്ധിച്ച് | 3-12 |
| 30 | പ്രോജക്ട് ഓഫിസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ-നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ | 3-13 |
| 31 | റോഡ് റീടാറിംഗ് - MoRD ഡേറ്റാ പ്രകാരം പദ്ധതി നടപ്പാക്കതിനാൽ അധിക തുക നല്കാൻ ഇടയായി. | 3-14 |
| 32 | മത്സ്യമാർക്കറ്റ് നവീകരണം- നിഷ്ഫലമായ ആസ്തി. | 3-15 |
| 33 | എ.പി റോഡ് റീടാറിംഗ് അധിക തുക അനുവദിച്ചിരിക്കുന്നു | 3-16 |

| | ഭാഗം 4 | |
|---|---|---|
| 34 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 ലെ ഭരണസമിതി തീരുമാനം നമ്പർ 01/2015 പ്രകാരം അംഗീകരിക്കുകയുണ്ടായി. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 4,04,44,031 |
| വരവ് | 33,77,63,500 |
| ആകെ | 37,82,07,531 |
| ചെലവ് | 36,71,94,600 |
| നീക്കിയിരിപ്പ് | 1,10,12,931 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 20-12-2016 |

വാർഷിക ധനകാര്യ പത്രിക നിയമാനുസൃത സമയ പരിധിക്കുള്ളിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 24-01-2017 | അനുബന്ധം- 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു

1) 2014-15 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

2)വികസന ഫണ്ട്-എസ്.സി.പി-എ.സി.ആർ പ്രകാരം നീക്കിബാക്കി തുക-60,30,579,AFS പ്രകാരം നീക്കിബാക്കി തുക-60,55,579 വ്യത്യാസം 25,000.

3)വികസന ഫണ്ട്- ട്രഷറി സ്റ്റോൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

4) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല

6) ബാങ്ക് അക്കൗണ്ടിന്റെ 31.03.2016 ലെ റീകൺസിലിയേഷൻ പത്രികയിൽ പണമാക്കാത്ത ചെക്കായി കാണിച്ച ചെക്കുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.വിവരം ചുവടെ നൽകുന്നു.

| അക്കൗണ്ട് | ചെക്ക്നമ്പർ/തിയ്യതി | തുക |
|---|---|---|
| തനത് ഫണ്ട്(A/C No-4502501101) | 0866505/29.07.2015 | 280 |
| | 0866524/11.02.2016 | 1,155 |
| SBTതനത് ഫണ്ട്(A/C No-450210100) | 366835/01.03.2014 | 1,520 |
| | 401867/05.06.2014 | 6,900 |
| | 401903/19.07.2014 | 116 |
| Kerala Gramin Bank(A/C No-450620100) | 395465/08.01.2014 | 365 |
| | 492401/31.03.2014 | 28,380 |
| SBT-Service Tax(A/C No-450410100) | 682430/11.02.2016 | 18,831 |
| | 682430/09.03.2016 | 19,164 |

8) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 8,91,89,902 |

| | |
|---|---|
| വരവ് | 12,74,35,865 |
| ആകെ | 21,66,25,767 |
| ചെലവ് | 16,34,56,291 |
| നീക്കിയിരിപ്പ് | 5,31,69,476 |

( കറിപ്പ്: DBT- പെൻഷൻ ഓൺലൈൻ മുഖേന നടത്തിയ ചെലവ് 3,91,15,050 രൂപയും മേൽ കണക്കിൽ വരവിലും ചെലവിലും ഉൾപ്പടുത്തിയിട്ടുണ്ട്)

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രൻസഫർ ക്രഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,44,34,454 | 2,96,83,530 (TC) | 4,41,17,984 | 3,31,26,329 | 1,09,91,655 (refund) | 0 | 75 |
| വികസനഫണ്ട് എസ്.സി.പി. | 60,55,579 | 24,85,845 | 85,41,424 | 43,46,020 | 0 | 41,95,404 | 50.88 |
| വികസനഫണ്ട് ടി.എസ്.പി. | Nil | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 25,18,449 | 88,89,640 | 1,14,08,089 | 1,14,08,089 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 44,98,471 | 41,82,243 | 86,80,714 | 86,80,714 | 0 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 79,78,022 | 2,85,50,458 | 3,65,28,480 | 1,83,88,900 | 0 | 1,81,39,580 | 50.34 |
| പെർഫോമൻസ് ഗ്രാന്റ് | 73,48,546 | 42,72,366 | 1,16,20,912 | 42,72,366 | 0 | 73,48,546 | 36.76 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 43,08,918 | 1,57,260 | 44,66,178 | 10,47,992 | 34,18,186 | 0 | 23.46 |
| ബി ഫണ്ട് | 0 | 4,14,87,770 | 4,14,87,770 | 4,14,87,770 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 233 | 12,42,06,529 | 194 | 8,10,28,110 | 65.23 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | മുനിസിപ്പൽ എഞ്ചിനിയർ | 154 | 7,35,28,183 | 120 | 4,78,77,905 | 65.11 |
| 2 | കൃഷി ഓഫീസർ | 9 | 27,08,300 | 9 | 16,32,955 | 60.29 |
| 3 | ICDS സൂപ്പർവൈസർ | 7 | 58,26,700 | 7 | 52,82,498 | 90.66 |
| 4 | മുനിസിപ്പൽ സെക്രട്ടറി | 10 | 97,49,438 | 9 | 87,13,811 | 89.37 |
| 5 | പ്രോജക്ട് ഓഫിസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 13 | 71,78,800 | 11 | 43,93,921 | 61.20 |
| 6 | ഹെഡ്മാസ്റ്റർ | 11 | 47,37,000 | 10 | 41,72,265 | 88.07 |
| 7 | വെറ്ററിനറി സർജ്ജൻ | 6 | 46,90,000 | 6 | 22,79,800 | 48.60 |
| 8 | M O ആയുർവ്വേദം | 1 | 5,00,000 | 1 | 5,00,000 | 100 |
| 9 | പട്ടികജാതി വികസന ഓഫീസർ | 7 | 67,30,000 | 7 | 22,43,975 | 33.34 |
| 10 | M O ഹോമിയോ | 7 | 15,80,000 | 7 | 15,80,000 | 100 |
| 11 | സബ്-ഇൻസ് ഓഫ് പെക്ടർ ഫിഷറീസ് | 1 | 2,00,000 | 1 | 2,00,000 | 100 |
| 12 | ഹെൽത്ത് ഇൻസ് പെക്ടർ | 3 | 53,15,800 | 2 | 7,32,715 | 13.78 |
| 13 | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 4 | 14,62,308 | 4 | 14,18,265 | 96.98 |
| | | 233 | 12,42,06,529 | 194 | 8,10,28,110 | 65.23 |

2015-16 വർഷം ആകെ 233 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 194 പ്രൊജക്ടുകളാണ് നടപ്പാക്കുവാൻ സാധിച്ചത്. ഇതുപ്രകാരം ആകെ പദ്ധതി അടങ്കലിന്റെ 65.23 % മാത്രമാണ് തൻവർഷം വിനിയോഗിക്കുവാൻ സാധിച്ചത്.

പൊതുമരാമത്ത് മേഖലയിൽ ആകെ അംഗീകാരം ലഭിച്ച 154 പ്രൊജക്ടുകളിൽ 120 എണ്ണം നടപ്പാക്കുന്നതിനായി 4,78,77,905 കോടി രൂപ വിനിയോഗിക്കുകയുണ്ടായി. (ഈ മേഖലയിലെ ആകെ പദ്ധതി അടങ്കലിന്റെ 65.11 %). നിർവ്വഹണ ഉദ്യോഗസ്ഥ അസിസ്റ്റന്റ് എൻജിനിയർക്ക സാധിച്ചത്. അടിസ്ഥാന മേഖലകളിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായ കുറവ് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പടുത്തുന്നു.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 73ശതമാനം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 92,18,078 | 1,02,44,522 | 10,26,444 | (+)11 |
| നികുതിയേതര വരവുകൾ | 22,00,000 | 25,96,387 | 3,96,387 | (+)18 |
| മറ്റുവരവുകൾ | 31,47,888 | 28,00,370 | 3,47,518 | (-)11 |
| ആകെ | 1,45,65,966 | 1,56,41,279 | 10,75,313 | (+)73 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,16,520 | 358 |
| കർഷകതൊഴിലാളി പെൻഷൻ | 65,67,900 | 615 |
| വിധവാപെൻഷൻ | 1,68,81,040 | 1,088 |
| വാർദ്ധക്യകാലപെൻഷൻ | 99,00,480 | 819 |
| വികലാംഗപെൻഷൻ | 44,52,270 | 325 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 13,13,360 | 103 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 14,70,000 | 49 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2017 ന് (4.30pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,027 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നീലേശ്വരം നഗരസഭയിലെ ആഭ്യന്തര ഭരണനിയന്ത്രണ പ്രവർത്തനങ്ങൾ ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഓരോ സെക്ഷന്റെയും പ്രവർത്തനങ്ങളുടെയും സാക്ഷ്യമാവേണ്ടുന്ന പേർസണൽ റജിസ്റ്റർ, ഓഫീസ് മീറ്റിംഗ് മിനട്ട്സ് എന്നിവ അപൂർണ്ണമാണ്. ഓഫീസ് ഓർഡർ ബുക്ക്, ഇൻകുംബെൻസി രജിസ്റ്റർ എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ രേഖ, നിയമത്തിൽ അനുശാസിക്കുന്ന വിധം കാലികമായി പുതുക്കിയിട്ടില്ല. നഗരസഭയിലെ വ്യവഹാരങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതും, വ്യവഹാരങ്ങളുടെ നടത്തിപ്പിന് അവലംബമാക്കേണ്ടതുമായ സ്യൂട്ട് രജിസ്റ്റർ അപൂർണ്ണമായാണ് കാണുന്നത്. നഗരസഭയുടെ വിവിധ വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ കൂടുതൽ സൂക്ഷ്മതയോടെ തയ്യാറാക്കേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിൽ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പും, രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ തയ്യാറാക്കലും, സൂക്ഷിപ്പും സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ, ചെലവുതുക മുതലായവ യഥാവിധി ഫയലുകളിലും രജിസ്റ്ററിലും രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണം.പദ്ധതി നിർവ്വഹണം ഫലപ്രദമായും, സമയബന്ധിതമായും പൂർത്തിയാക്കി വിഭാവനംചെയ്ത പ്രാദേശിക വികസനം കൈവരിക്കുന്നതിനായി ജീവനക്കാരുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2015മുതൽ 22.05.2015വരെ | 2012-13മുതൽ 2014-15വരെ | 26.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല. | | |

## 1-12 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് മാതൃകയിൽ കേരളത്തിലെ നഗര പ്രദേശത്ത് നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതിയാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. 3-11-2010 ലാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. 1-4-2012 മുതൽ നഗരകാര്യ വകുപ്പിന്റെ പൂർണ്ണചുമതലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ലക്ഷ്യം

നഗര പ്രദേശങ്ങളിൽ താമസ്സിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ 2015-16 ൽ ആകെ 2655 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെങ്കിലും 100 ദിവസം തൊഴിൽ ആർക്കും നല്കിയിട്ടില്ല.

രജിസ്ട്രേഷൻ

നഗര പ്രദേശങ്ങളിൽ സ്ഥിര താമസ്സമുള്ള 18 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് വേണ്ടി ഏതൊരു കുടുംബത്തിനും രജിസ്ട്രേഷന് അപേക്ഷിക്കാം. എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഇല്ല. പദ്ധതിക്ക് ആകെ 1498 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നഗരസഭ പരിധിയിൽ ആകെ 3137 ബി.പി.എൽ കുടുംബങ്ങളും 436 പട്ടികജാതി കുടുംബങ്ങളും ഉണ്ടെങ്കിലും അതിൽ യഥാക്രമം 458 ബി.പി.എൽ കുടുംബങ്ങളും 75പട്ടികജാതി കുടുംബങ്ങളും മാത്രമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ പദ്ധതിയുടെ കീഴിൽ കൂടുതൽ ഉൾപ്പെടുത്താൻ കഴിയേണ്ടതുണ്ട്.

തൊഴിൽ കാർഡ് വിതരണം

നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും ഉചിതമായ അന്വേഷണ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം 15 ദിവസത്തിനകം ഫോട്ടോ പതിച്ച തൊഴിൽ കാർഡ് നൽകണം. എന്നാൽ തൊഴിൽ കാർഡ് നിശ്ചിത സമയപരിധിക്കകം വിതരണം ചെയ്യാത്ത നിരവധി ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ | തൊഴിൽ കാർഡ് ലഭിക്കാത്തവരുടെ പേര് | അപേക്ഷ സമർപ്പിച്ച തീയ്യതി |
|---|---|---|---|
| 26 | IV | വി.രുഗ്മിണി | 16-12-14 |

| | | | |
|---|---|---|---|
| 67 | VII | കെ.എം.ഉമാവതി | 23-12-14 |
| 69 | VII | പുഷ്പ.കെ | 22-12-14 |
| 71 | VII | പി.വി.പാറു | 22-12-14 |
| 80 | VIII | ജയശ്രീ.എം.വി | 23-12-14 |
| 82 | VIII | യശോദ.പി | 23-12-14 |
| 50 | X | വത്സല.കെ | 26-6-15 |
| 72 | XII | കല്ല്യാണി.ടി.പി | 27-5-15 |
| 37 | XIII | ശോഭന.എം | 22-12-14 |
| 38 | XIII | ലതിക.കെ.എം | 2-9-14 |
| 39 | XIII | തമ്പായി.ടി | 23-12-14 |
| 40 | XIII | ചന്ദ്രമതി.പി | 23-12-14 |
| 41 | XIII | വിലാസിനി.പി.പി | 19-12-14 |
| 5 | XVI | രാജേശ്വരി.എ.കെ | 10-2-15 |
| 6 | XVI | രാജൻ.പി | 16-2-15 |
| 48 | XVII | അജിത.കെ | 7-2-12 |

ബേങ്ക് അക്കൌണ്ട്,ആധാർ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാത്തതു കാരണമാണ് തൊഴിൽ കാർഡ് വിതരണം ചെയ്യാൻ താമസം നേരിട്ടതെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ കാർഡുകൾ അർഹതപ്പെട്ട എല്ലാവർക്കും യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റും ആക്ഷൻ പ്ലാനും

2015-16 വർഷം നഗരസഭ അംഗീകരിച്ച ലേബർ ബജറ്റും ആക്ഷൻ പ്ലാനും പ്രകാരം ആകെ 234 പ്രോജക്ടുകൾക്കായി 12240600/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2014-15 ലെ ആക്ഷൻ പ്ലാൻ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് നൽകുവാൻ താമസ്സിച്ചതിനാൽ 2015-16 വർഷം 2014-15 ലെ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ആയത് അനുസരിച്ച് 52 പ്രവൃത്തികൾക്കായി 4334570 രൂപയുടെ ആക്ഷൻ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 2015-16 വർഷം നടപ്പിലാക്കിയ18 പ്രോജക്ടുകൾക്കായി 1046981 രൂപ ചെലവഴിച്ചിട്ടുണ്ട്.

ജാഗ്രതാ മേൽനോട്ട കമ്മിറ്റി

ഓരോ പ്രവൃത്തിക്കും 7അംഗ ജാഗ്രതാ മേൽനോട്ട കമ്മിറ്റി ഉണ്ടായിരിക്കണം. പണിയുടെ പുരോഗതിയും ഗുണമേന്മയും ഉറപ്പ് വരുത്തുകയാണ് ചുമതല. കമ്മിറ്റി അംഗങ്ങൾ പ്രവൃത്തി പരിശോധിച്ച് സൈറ്റ് ഡയറിയിൽ ഒപ്പ് വെച്ചിട്ടുണ്ട്.

സോഷ്യൽ ഓഡിറ്റ്

ഓരോ വാർഡിനും വാർഡ് സഭ വിളിച്ച് ചേർത്ത് പ്രത്യേകം സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ടീം കൃത്യമായി പ്രോജക്ട് സൈറ്റുകൾ സന്ദർശിച്ച് മോണിറ്ററിംഗ് നടത്തുന്നുണ്ട്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടനിർമ്മാണ പെർമിറ്റ് ക്രമവൽക്കരിക്കുന്നതിന് ഫീസ് ഈടാക്കിയതിൽ കുറവ്.

2015-16 വർഷത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് ക്രമവൽക്കരിക്കുന്നതിന് നിലേശ്വരം നഗരസഭ ഫീസ് ഈടാക്കിയതിൽ കുറവ് ഉള്ളതായി കാണുന്നു. കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 143,146(4), ബഹു.തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പ് സെക്രട്ടറി , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ച കത്ത് നം.229813/RD-2/15/LSGD/Dt.11.11.15 എന്നിവ പ്രകാരം നിർമ്മാണ പെർമിറ്റ് ഇല്ലാതെ കെട്ടിടനിർമ്മാണം നടത്തിയത് ക്രമവൽക്കരിക്കാൻ അപേക്ഷ നൽകിയാൽ പെർമിറ്റ് ഫീയും , രാജിയാക്കൽ ഫീസായി പെർമിറ്റ് ഫീയുടെ രണ്ടിരട്ടിയും ഈടാക്കിയിട്ടാണ് ക്രമവൽക്കരണം നടത്തേണ്ടത്. നഗരസഭയിൽ 2015-16 വർഷത്തിൽ രാജിയാക്കൽ ഫീസായി പെർമിറ്റ് ഫീയുടെ രണ്ടിരട്ടി മാത്രം ഈടാക്കിയിട്ടാണ് ക്രമവൽക്കരണം നടത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷ | പേര്,അഡ്രസ്സ് | ആകെ | ക്രമീകരണ | ക്രമീകരണ ഫീസ് | ഈടാക്കി |
|---|---|---|---|---|---|

| നം. | | വിസ്തീർണ്ണം | ഫീസ് ഈടാക്കേണ്ടത് | ഈടാക്കിയത് | യതിലെ കുറവ് |
|---|---|---|---|---|---|
| 08/15-16 | പ്രസിഡന്റ് വിവി കുഞ്ഞമ്പു സ്മാരക വായനശാല | 54.92M2 | 1648/- | 1098/- (Rt.no. 11506102430/2.6.15) | 550 |
| 29/15-16 | തായത്ത് അമ്പു, കൊടച്ചാൽ -വീട് | 121.35M2 | 1274/- | 849/- (Rt.no. 11506100181/22.4.15) | 425 |
| 108/15-16 | PV.സുശീലഅമ്മ, പടിഞ്ഞാറ്റംകൊഴവൽ വീട് | 19.76M2 | 207/- | 138/- (Rt.no. 11506102377/1.6.15 | 69 |
| 121/15-16 | മാടത്തിൽ നിജയൻ ജോളി ആർട്സ് ക്ലബ്ബ് വീവേഴ്സ് സ്ട്രീറ്റ് | 96.78M2 | 1016/- | 944/- (Rt.no. 11506106626/7.9.15) | 72 |
| 126/15-16 | പ്രമോദ്.A നീലേശ്വരം-വീട് | 122.77M2 | 1289/- | 860/- (Rt.no. 11506105425/3.8.15) | 429 |
| 141/15-16 | പറമ്പത്ത് റഷീദ്, തൈക്കടപ്പുറം-വീട് | 258.28M2 | 5424/- | 3616/- (Rt.no. 11606104887/5.8.15) | 1808 |
| 162/15-16 | കിണറ്റുകര അമ്പാടി കാര്യങ്കോട്-വീട് | 38.86M2 | 408/- | 273/- (Rt.no. 115061059443/17.8.15) | 135 |
| 173/15-16 | പ്രസിഡന്റ്,അങ്കക്കള രി തെക്കേവീട് തറവാ ട്,പേരോൽ-വീട് | 60.54M2 | 636/- | 424/- (Rt.no. 11506105476/4.8.16) | 212 |
| 192/15-16 | കെ.വി.ലക്ഷ്മി പുത്തരിയടുക്കം-വീട് | 30.60M2 | 321/- | 215/- (Rt.no. 11506105538/5.8.15) | 106 |
| 206/15-16 | ചന്ദ്രൻ പൊടോത്തുരുത്തി-വീട് | 20.02M2 | 210/- | 141/- (Rt.no. 11506106926/14.9.15) | 69 |
| 230/15-16 | N.രഘുവീരപ്രഭു | 193.29M2 | 5799/- | 3866/- | 1933 |

| | | | | | |
|---|---|---|---|---|---|
| | നീലേശ്വരം-കച്ചവടം | | | (Rt.no. 11506100525/12.10.15) | |
| 237/15-16 | പുതിയടത്ത് ഭാർഗ്ഗവി പള്ളിക്കര -വീട് | 36.60M2 | 384/- | 257/- (Rt.no. 11506109985/19.11.15) | 127 |
| 246/15-16 | പ്രസീന പാലായി- പമ്പ് ഹൗസ് | 20.35M2 | 611/- | 407/- (Rt.no. 1156608297/9.10.15) | 204 |
| 256/15-16 | ജയ്ഹിന്ദ് ആർട്സ് ക്ലബ്ബ്,തൈക്കടപ്പുറം | 26.75M2 | 803/- | 533/- (Rt.no. 1150609578/11.11.15) | 270 |
| 268/15-16 | എ.കെ..അമ്മാളു ഓർച്ച,കോട്ടപ്പുറം-വീട് | 80.54M2 | 846/- | 546/- (Rt.no. 11506109414/4.11.15) | 300 |
| 274/15-16 | കെ.വി.ചന്ദ്രൻ പുത്തരിയടുക്കം- വീട് | 110.78M2 | 1163/- | 1117/- (Rt.no. 11506110723/9.12.15) | 46 |
| 292/15-16 | N.രഘുനാഥപ്രഭു നീലേശ്വരം-കച്ചവടം | 90.20M2 | 2706/- | 902/- (Rt.no. 11606101920/13.5.16) | 1804 |
| 301/15-16 | P.കുഞ്ഞിമറിയം കോട്ടപ്പുറം-വീട് | 126.09M2 | 1324/- | 883/- (Rt.no. 10086/23.11.15) | 441 |
| 312/15-16 | തോമസ് കുട്ടി അംഗക്കളരി-വീട് | 235.14M2 | 4938/- | 3292/- (Rt.no. 11506110312/28.11.15) | 1646 |
| 320/15-16 | M.രഘു നെടുങ്കണ്ട - വീട് | 35.04M2 | 368/- | 246/- (Rt.no. 11506111698/7.1.16) | 122 |
| 322/15-16 | VV.പ്രഭാകരൻ പ്രീതി.പി | 69.30M2 | 727/- | 486/- (Rt.no. 11506111944/14.12.15) | 241 |
| 327/15-16 | കുഞ്ഞിവയലിൽ പഞ്ചമി, | 32.95M2 | 346/- | 231/- | 115 |

| | | | | | |
|---|---|---|---|---|---|
| | പുറത്തേക്കൈ-വീട് | | | (Rt.no. 11506111904/4.1.16 ) | |
| 425/15-16 | പ്രസിഡന്റ്, സാലിയ സമുദായ വികസന സമിതി,തൈക്കടപ്പുറം | 122.59M2 | 3678/- | 2452/- (Rt.no. 11606105405/10.8.15) | 1226 |
| | | | | ആകെ | 12,350 |

മേൽ വിവരിച്ച പ്രകാരം ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിൽ 12,350/- രൂപ കുറവ് വന്നതിന് ഓഡിറ്റ് എൻക്വയറി നം.18/30.01.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് കുറവ് വന്ന തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. അതിനാൽ ഈ തുക എത്രയും പെട്ടെന്ന് പിരിച്ചെടുത്ത് വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്, അല്ലാത്തപക്ഷം കുറവ് വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1. പുതുതായി കച്ചവട സ്ഥാപനങ്ങൾ ആരംഭിക്കാനായി സമർപ്പിക്കുന്ന അപേക്ഷകളിൽ മാത്രമേ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളൂ. ലൈസൻസ് പുതുക്കുന്നവരുടെ അപേക്ഷകളിൽ മേൽ അന്വേഷണം നടത്താത്തതിന്റെ കാരണം വ്യക്തമല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ നേരിട്ട് ചെന്ന് സ്ഥല പരിശോധന നടത്തണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും യാതൊരു അപേക്ഷകളിൻ മേലും ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയോ സാനിറ്ററി സർട്ടിഫിക്കറ്റ് നൽകിയതായോ കാണാൻ സാധിച്ചിട്ടില്ല. (തദ്ദേശ സ്വയംഭരണ (ആർ.സി)വകുപ്പിന്റെ 10.01.2013 തീയ്യതിയിലെ 66562/ആർ.സി.3/12/ത.സ്വ.വ നം. സർക്കുലർ).
    1. ഡി & ഒ ലൈസൻസ് ഡിമാന്റ് റജിസ്റ്റർ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാർ 2015-16 വർഷത്തിൽ ലൈസൻസ് ഫീ അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം. & കെട്ടിട നം. | കച്ചവടക്കാരന്റെ പേരും വിലാസവും | കച്ചവടത്തിന്റെ സ്വഭാവം | ഡിമാന്റ് ചെയ്ത ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | I / 80 D | തമ്പാൻ കാരണവർ<br>തെരുവത്ത് വീട്<br>കടിഞ്ഞിക്കടവ്<br>നീലേശ്വരം | കിടക്ക – പാത്രങ്ങൾ വിൽപ്പന | 300 |
| 2 | II / 688 | നൌഷാദ് എം<br>സീനത്ത് മൻസിൽ<br>വീവേഴ്സ് സ്ട്രീറ്റ് | ലൈറ്റ് & സൌണ്ട് | രേഖപ്പെടുത്തിയിട്ടില്ല. |
| 3 | III / 52,54 | കെ വി രാമചന്ദ്രൻ<br>S/o നാരായണൻ കെ വി<br>ഉപ്പിലിക്കൈ | ഫർണിച്ചർ | 700 |
| 4 | III / 293 B | കുഞ്ഞികൃഷ്ണൻ ബി<br>പടിഞ്ഞാറ്റം കൊഴവിൽ | സ്റ്റേഷനറി | 500 |

| | | | | |
|---|---|---|---|---|
| 5 | III / 350 A | സി എച്ച് സുബൈദ<br>പത്തിലക്കണ്ടം<br>പട്ടേന | റെഡിമെയ്ഡ് ഷോപ്പ് | 750 |
| 6 | III / 369 | കുഞ്ഞിരാമൻ ടി<br>S/o ചെമ്പൻ<br>ചാത്തമത്ത് | ലോട്ടറി സ്റ്റാൾ | 300 |
| 7 | III / 406 | രാജൻ കെ | ഇലക്ട്രോണിക്സ് ഷോപ്പ് | 300 |
| 8 | III / 440 | നസിമുദീൻ ടി എസ്<br>ടി എ എസ് വില്ല<br>ചിറപ്പുറം | ചെരിപ്പു കട | 500 |
| 9 | III / 462,463 | രാജൻ പി വി<br>പുതുക്കൈ | ടെക്സ്റ്റയിൽസ് | 500 |
| 10 | III / 491 | അപർണ്ണ ദേവദാസ് | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 11 | III / 514 | ജയപ്രകാശ് പ്രഭു<br>ചിറപ്പുറം | ആയുർവേദ മെഡിക്കൽസ് | 500 |
| 12 | III / 575 | ടി ശശിധരൻ<br>നീലേശ്വരം | ബുക്ക് സ്റ്റാൾ | 500 |
| 13 | III / 585 | എം കെ വിജയൻ<br>കരുവാച്ചേരി | ജ്വല്ലറി വർക്സ് | 500 |
| 14 | III / 609 | രവി എം<br>പുതിയ വീട്ടിൽ<br>കറുത്ത ഗേറ്റ് | ജ്വല്ലറി വർക്സ് | 500 |
| 15 | III / 612 J,K | ജിഷ എ<br>വാഴവളപ്പിൽ<br>മടിക്കൈ | ബ്യൂട്ടി പാർലർ | 750 |
| 16 | III / 619 | പത്മനാഭൻ ഇ<br>പത്മ നിവാസ്<br>പൂവാലംകൈ | ബാർബർ ഷോപ്പ് | 250 |
| 17 | III / 756 F | എം എച്ച് ഷംശുദ്ധീൻ<br>S/o അബ്ദുൾ കാദർ<br>കാഞ്ഞിരപ്പൊയിൽ | ടെക്സ്റ്റയിൽസ് | 500 |
| 18 | III / 758 A3 | ഷംശുദ്ധീൻ ടി എ<br>ടി എസ് വില്ല | ചെരുപ്പ് കട | 500 |

| | | | | |
|---|---|---|---|---|
| | | ചിറപ്പുറം | | |
| 19 | III / 758 A7 | സൌദാമിനി പി<br>വളപ്പിൽ ഹൌസ് | ബുക്ക് സ്റ്റാൾ | 500 |
| 20 | III / 872 | നസീമ എ<br>കോട്ടയിൽ ഹൌസ്<br>കരുവാച്ചേരി | രേഖപ്പെടുത്തിയിട്ടില്ല | 500 |
| 21 | III / 975 | പവിത്രൻ പി വി<br>ലക്ഷ്മി നിവാസ്<br>മൂന്നാം കുറ്റി | ബ്യൂട്ടി പാർലർ | 500 |
| 22 | III / 979 | അനിൽ കുമാർ കെ<br>പേരോൽ | ടെക്സ്റ്റയിൽസ് | 500 |
| 23 | III / 159 | എ ജാനകി<br>അരുവത്ത് വീട്<br>പടിഞ്ഞാറ്റം കൊഴവിൽ | ആയുർവേദ ഫുഡ് പ്രൊഡക്റ്റ് | രേഖപ്പെടുത്തിയിട്ടില്ല |
| 24 | III / 617 | പ്രശാന്ത് കുമാർ<br>തായത്ത് ഹൌസ്<br>പേരോൽ | ടീ സ്റ്റാൾ & ബേക്കറി | രേഖപ്പെടുത്തിയിട്ടില്ല |
| 25 | III / 715 A18 | ഫാത്തിമ കെ<br>അഫീദ മൻസിൽ<br>നോർത്ത് കോട്ടച്ചേരി | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 26 | III | മുനീർ സി എച്ച്<br>S/o ഇ കെ അഹമ്മദ് കുഞ്ഞി<br>ബുഷ്റ മൻസിൽ<br>കണിച്ചിറ | ഫാൻസി ഷോപ്പ് | 600 |
| 27 | IV / 71 | രവീന്ദ്രൻ നായർ കെ<br>കണ്ണോത്ത് ഹൌസ്<br>പടിഞ്ഞാറ്റം കൊഴവിൽ | സ്റ്റേഷനറി | 500 |
| 28 | IV / 310 A | നാരായണൻ<br>മൂലപ്പള്ളി | ഫർണിച്ചർ കട | 300 |
| 29 | IV / 189 | രാമചന്ദ്രൻ കെ വി<br>മേനിക്കോട്ട് | ഫർണിച്ചർ കട | 700 |

| | | | | |
|---|---|---|---|---|
| 30 | IV / 517 A5 | കെ വി കമാരൻ<br>കോട്ടപ്പുറം | സ്റ്റേഷനറി ഷോപ്പ് | 300 |
| 31 | IV / 563 | കുഞ്ഞിക്കണ്ണൻ | ഫർണിച്ചർ | 750 |
| 32 | IV / 614 B | വിലാസിനി കെ<br>കോൺവെന്റ് ജക്ഷൻ | ടൈലറിങ് ഷോപ്പ് | 150 |
| 33 | IV / 625 A,B | സുനിൽ കുമാർ ഇ കെ<br>പട്ടേന | ഫർണിച്ചർ ഷോപ്പ് | 500 |
| 34 | IV / 630 P1 | പി സതീശൻ<br>പടിഞ്ഞാറ്റം കൊഴവിൽ | രേഖപ്പെടുത്തിയിട്ടില്ല | 500 |
| 35 | IV / 637 I | ഗോപാലൻ എ വി<br>ചായോത്ത് | മെഡിക്കൽ സ്റ്റോർ | 500 |
| 36 | IV / 637 | മേരി ജോസഫ്<br>കരുവാച്ചേരി | ബ്യൂട്ടി പാർലർ | 750 |
| 37 | IV / 749 B | സലീം കെ | പപ്പടം ഉണ്ടാക്കൽ | 250 |
| 38 | IV / 467 | സർഫുദ്ധീൻ<br>തൈക്കടപ്പുറം | ഹോട്ടൽ | 1500 |
| 39 | IV / 493 | ഇസ്മയിൽ പി സി | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 40 | V / 102 | സന്തോഷ് സി<br>പുതുക്കൈ | ഇലക്ട്രോണിക്സ് റിപ്പയറിങ്ങ് | 250 |
| 41 | V / 148 B | വിജേഷ് പി<br>പണ്ടിക്കോട്ട് വീട് | ഗ്യാസ് വെൽഡിങ് | 250 |
| 42 | V / 148 C,D | നൌഷാദ് എൻ പി | വെൽഡിങ്ങ് ഷോപ്പ് | 1000 |
| 43 | V / 157 | രാജൻ പി<br>പാലക്കാട്ട് | വെൽഡിങ്ങ് ഷോപ്പ് | 300 |
| 44 | V / 191 | ടി കെ കുഞ്ഞാഹമ്മദ്<br>ചിറപ്പുറം | സ്റ്റേഷനറി | 500 |
| 45 | V / 217 | ബിജു എം<br>പൂവാലം കൈ | ഓട്ടോ വർക് ഷോപ്പ് | 250 |
| 46 | V / 218 A | മധുസൂതനൻ പി<br>പട്ടേന | സോഡാ നിർമ്മാണം | 500 |
| 47 | V / 232 A | മോഹനൻ കെ വി<br>ബംങ്കളം | ഓട്ടോ മൊബൈൽ | 500 |

| | | | | |
|---|---|---|---|---|
| 48 | V / 291 | രതീഷ് കൃഷ്ണൻ<br>ചിറപ്പുറം | ബാറ്ററി വിൽപ്പന | 300 |
| 49 | V / 375 | ടി എൻ പ്രസന്ന കുമാരി<br>ചിറപ്പുറം | ടൈലറിങ്ങ് ഷോപ്പ് | 150 |
| 50 | V / 401 | രഘുനാഥൻ കെ<br>പാലായി | സ്റ്റേഷനറി | 200 |
| 51 | V / 422 C | തങ്കമണി<br>താഴത്തെ വീട്<br>പുതുക്കൈ | ടൈലറിങ്ങ് | 150 |
| 52 | V / 450 A2 | കുഞ്ഞഹമ്മദ് ടി<br>ആലിൻ കീഴിൽ | രേഖപ്പെടുത്തിയിട്ടില്ല | 500 |
| 53 | V / 475 C | കെ രാജേഷ്<br>പുത്തരിയടുക്കം | വെൽഡിങ്ങ് ഷോപ്പ് | 300 |
| 54 | V / 549 A | മധുസൂതനൻ<br>ആലിൻ കീഴിൽ | ഫർണിച്ചർ ഷോപ്പ് | 400 |
| 55 | VIII / 408 | ശ്രീജ<br>നടക്കാവ്<br>ഉദിനൂർ | ഫൈബർ ഗ്ലാസ്,ഡോർ നിർമ്മാണം | 500 |
| 56 | XI / 34 | റിതേഷ്<br>പട്ടേന | പച്ചക്കറി വിൽപ്പന | 750 |
| 57 | XI / 84 K | ജനാർദനൻ വി വി<br>വടക്ക് വളപ്പിൽ | ടെക്സ്റ്റയിൽസ് | 400 |
| 58 | XI / 88 | സുരേശൻ<br>പള്ളിക്കര | ഇരുമ്പ് പണി | 300 |
| 59 | XI / 88 A | സത്യൻ വി വി<br>വട്ടപ്പൊയിൽ | ഫർണിച്ചർ ഷോപ്പ് | 500 |
| 60 | XI / 390 | പ്രകാശൻ പി എം<br>കറുത്ത ഗേറ്റ് | ടൈലറിങ്ങ് ഷോപ്പ് | 300 |
| 61 | XI / 84 J | ആഷിഷ്<br>ചായോത്ത് | പലചരക്ക് കട | 750 |
| 62 | XI / 84 L | മോഹൻ ദാസ്<br>കോഴിക്കോട് | ആയുർവേദ മരുന്ന് കച്ചവടം | 250 |

| | | | | |
|---|---|---|---|---|
| 63 | XI / 328 | ഷോബി ഫിലിപ്പ് കനകപ്പള്ളി | ഉണി കച്ചവടം | 300 |
| 64 | XI / 163 | ഷൈമേഷ് പള്ളിക്കര | വെൽഡിങ് ഷോപ്പ് | 300 |
| 65 | XI / 591 A | ബൈജു കെ തൈക്കടപ്പുറം | വെൽഡിങ് ഷോപ്പ് | 300 |
| 66 | XI / 198 H | യോഗേഷ് പുത്തരിയടുക്കം | വീട്ടുപകരണങ്ങൾ വിൽപ്പന | 2000 |
| 67 | XI / 37 B | ജോസ് ജോസഫ് ബങ്കളം | ചായ വിതരണം | രേഖപ്പെടുത്തിയിട്ടില്ല |
| 68 | XII / 228 | മനോജ് വട്ടപ്പൊയിൽ | അലുമിനിയം ഫാബ്രിക്കേഷൻ | രേഖപ്പെടുത്തിയിട്ടില്ല |
| 69 | XII / 229 | മനോജ് വട്ടപ്പൊയിൽ | ജ്വല്ലറി വർക്സ് | രേഖപ്പെടുത്തിയിട്ടില്ല |
| 70 | XIII / 245,246 | ബാലകൃഷ്ണൻ പള്ളിക്കര | അനാദി കട | 500 |
| 71 | XIII / 304 | എം ജെ ജേക്കബ് പള്ളിക്കര | ചായ കട | 100 |
| 72 | XIII / 304 A | ബാലകൃഷ്ണൻ പാലായി | ടയർ റീ സോളിങ് | 400 |
| 73 | XIV / 112 A3 | ഇ പി പുരുഷോത്തമൻ മൊറാഴ, കണ്ണൂർ | ഇലക്ട്രിക്കൽസ് | 500 |
| 74 | XIV / 253 A | അബ്ദുൾ കബീർ കോട്ടപ്പുറം | വെൽഡിങ് യൂണിറ്റ് | 400 |
| 75 | XIV / 281,283 | സബീർ എസ് പി ചപ്പാരപ്പടവ് | ടൈൽസ് ഗോഡൌൺ | 750 |
| 76 | XIV / 306 | അബ്ദുൾ സമീർ പി പി കോട്ടപ്പുറം | സോഫ്റ്റ് ഡ്രിങ്ക്സ് & കൂൾ ബാർ | 1250 |
| 77 | XIV / 512 G | അനീഷ് കരുവാച്ചേരി | ടെന്റ് & ഡെക്കറേഷൻ | 300 |
| 78 | XIV / 590 B | കെ ഉണ്ണി കരുവാച്ചേരി | ടെന്റ് & ഡെക്കറേഷൻ | 500 |

| | | | | |
|---|---|---|---|---|
| 79 | XVIII / 652 | ദിനേശൻ<br>വെള്ളച്ചാൽ<br>തൃക്കരിപ്പൂർ | ബേക്കറി നിർമ്മാണം | 1000 |

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ കച്ചവടക്കാർ പിന്നീട് നികുതി അടവാക്കിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് ഇല്ലാതെ കച്ചവടത്തിൽ ഏർപ്പെട്ടതിന് മേൽ കച്ചവടക്കാർക്കെതിരെ യാതൊരു നിയമ നടപടികളും സ്വീകരിച്ചിട്ടില്ല.

3. 01.02.2011 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നീലേശ്വരം നഗരസഭയിൽ ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം നഗരസഭാ പ്രദേശത്തെ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനായി എ,ബി,സി എന്നീ മേഖലകളായി തിരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന തരത്തിലുള്ള കച്ചവട സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ഇല്ലാതെ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ഷെഡ്യൂൾ പ്രകാരം ക്രമ നം. | കച്ചവടത്തിന്റെ ഇനം | കുറിപ്പ് |
|---|---|---|
| പട്ടിക I<br>ക്രമ നം.154 | സ്പിരിട്ട്- ടോഡി ,വിദേശ മദ്യം-<br>ഏതെങ്കിലും പ്രക്രിയ ഉപയോഗിച്ച് സംഭരിക്കുകയോ,പാക്ക് ചെയ്യുകയോ,പ്രസ്സ് ചെയ്യുകയോ, വൃത്തിയാക്കുകയോ , നിർമ്മിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുക | നഗര സഭാ പരിധിയിലെ നക്ഷത്ര പദവിയുള്ള ബാറും വിവിധ കള്ളുഷാപ്പുകളും ഡി & ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| പട്ടിക II<br>ക്രമ നം. 23 | മത്സ്യ വിൽപ്പനക്കാർ | |
| പട്ടിക II<br>ക്രമ നം. 35 | ഹോസ്റ്റലുകൾ നടത്തുക | |
| പട്ടിക II<br>ക്രമ നം. 54 | റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ | |

ഡി & ഒ ലൈസൻസ് ഇല്ലാതെ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന മേൽ വിഭാഗത്തിൽപെടുന്ന കച്ചവടസ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/30.01.2017)

## 2-3 പാരാമെഡിക്കൽ & ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ- റജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1997 ലെ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ട പ്രകാരവും 1999 ലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ട പ്രകാരവും റജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ എല്ലാം റജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇക്കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളിൽ ഈ ആവശ്യത്തിനായി വെവ്വേറെ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി വരവ് - അപാകതകൾ

തൊഴിൽ നികുതി വരവ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1. അംഗപരിമിതർക്ക് തൊഴിൽനികുതി ഇളവ്- മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നില്ല

നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന വിവിധ ജീവനക്കാർക്ക് അംഗപരിമിതരെന്ന കാരണത്താൽ തൊഴിൽ നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ ഒന്നും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ഏത് അർദ്ധ വർഷത്തേക്കെന്ന് |
|---|---|---|---|
| 1 | ഉഷാകുമാരി കെ , ക്ലർക്ക് | പി എച്ച് സി, തൈക്കടപ്പുറം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

| | | | |
|---|---|---|---|
| 2 | ലേഖ എം വി, ജൂനിയർ അക്കൌണ്ടന്റ് | സബ് ട്രഷറി, നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 3 | ശോഭന ടി വി , ഹൌസ് കീപ്പർ | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 4 | പി വി ധന്യ,ഓഫീസ് അറ്റന്റന്റ് | മലബാർ ദേവസ്വം ബോർഡ് അസി.കമ്മീഷണറുടെ ഓഫീസ് | ഒന്നാം അർദ്ധ വർഷം |
| 5 | മാത്തുകുട്ടി പി ടി, ക്ലർക്ക് | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 6 | സതീഷ് പി വി , ഓഫീസ് അറ്റന്റന്റ് | പി ഡബ്ല ഡി (റോഡ്) സെക്ഷൻ, നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 7 | ശ്രീധരൻ എ പി, ഓപ്പറേറ്റർ | കെ ഡബ്ല എ ,പി എച്ച് സെക്ഷൻ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 8 | വിജയൻ പി കെ, ഓഫീസ് അറ്റന്റന്റ് | ഫുഡ് സേഫ്റ്റി ഓഫീസ്, കാഞ്ഞങ്ങാട് സർക്കിൾ | രണ്ടാം അർദ്ധവർഷം |

ഭാവിയിൽ ഇത്തരം ജീവനക്കാർക്ക് ഇളവ് നൽകുമ്പോൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി അടവാക്കിയ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ രശീതി നം. |
|---|---|---|---|
| 1 | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നീലേശ്വരം സായാഹ്ന ശാഖ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506106535 തീ.04.09.2015 & 14643 തീ.23.02.16 |
| 2 | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹൌസിങ്ങ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506106277 തീ.26.08.2015 & 14905 തീ.25.02.2016 |
| 3 | എസ് ബി ടി ,നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506400032 തീ.14.09.2015 & റ.നം.11506500045 തീ.02.03.2016 |
| 4 | നീലേശ്വർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, രാജാറോഡ് | രണ്ടാം അർദ്ധവർഷം | റ.നം. 11506500047 തീ.08.03.2016 |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമി.,നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506106349 തീ.31.08.2015 & റ.നം.14649 തീ.23.02.16 |
| 6 | കേരള ഗ്രാമീൺ ബാങ്ക് , നീലേശ്വരം | ഒന്നാം അർദ്ധ വർഷം | റ.നം. 11506400016 തീ.25.08.2015 |
| 7 | നീലേശ്വരം കോ-ഓപ്പറേറ്റീവ് | ഒന്നാം അർദ്ധ വർഷം | റ.നം. 11506106529 തീ.04.09.2015 |

| | | | |
|---|---|---|---|
| | അർബൻ ബാങ്ക് | | |
| 8 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവസ്റ്റ്മെന്റ്സ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506115166 തീ. 27.02.2016 & റ.നം. 15166 തീ.27.02.2016 |
| 9 | എസ് ബി ഐ ,നീലേശ്വരം | രണ്ടാം അർദ്ധ വർഷം | റ.നം. 11506500034 തീ.22.02.2016 |

3. വിമുക്ത ഭടനാണെന്ന കാരണത്താൽ താഴെക്കൊടുത്ത ജീവനക്കാരന് നികുതി ഇളവ് നൽകിയിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് & തസ്തിക | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് | ആകെ അർദ്ധ വർഷ വരുമാനം | കുറിപ്പ് |
|---|---|---|---|---|
| നാരായണൻ പി എം ,ജൂനിയർ അക്കൌണ്ടന്റ് | സബ് ട്രഷറി , നീലേശ്വർ | ഒന്നാം അർദ്ധ വർഷം | 1,24,656 | റ.നം. 11506106248 തീ.25.08.2015 പ്രകാരം മറ്റ ജീവനക്കാരുടെ നികുതി അടവാക്കിയിട്ടുണ്ട്. |
| നാരായണൻ പി എം ,ജൂനിയർ അക്കൌണ്ടന്റ് | സബ് ട്രഷറി , നീലേശ്വർ | രണ്ടാം അർദ്ധ വർഷം | 1,60,338 | റ.നം. 11506112929 തീ.05.02.2016 പ്രകാരം മറ്റ ജീവനക്കാരുടെ നികുതി അടവാക്കിയിട്ടുണ്ട്. |

വിമുക്ത ഭടൻമാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഇളവ് നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകളോ നിർദേശങ്ങളോ എന്തെങ്കിലും നിലവിലുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ ജീവനക്കാരനിൽ നിന്നും വരുമാനത്തിന് ആനുപാതികമായി നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ( 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3)

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധ വർഷ വരുമാനം | അടവാക്കേണ്ടുന്ന നികുതി | അടവാക്കിയ നികുതി | കുറവ് | രശീത് നം. |
|---|---|---|---|---|---|---|---|
| 1 | അജിത കെ , PTS | ഇന്ത്യൻ ഓവർസീസ് ബാങ്ക് , നീലേശ്വരം | 49,538 (ആദ്യ അർദ്ധ വർഷം) | 450 | 300 | 150 | റ.നം. 11506400038 തീ.08.10.2015 |
| 2 | അജിത കെ , PTS | ഇന്ത്യൻ ഓവർസീസ് ബാങ്ക് , നീലേശ്വരം | 45,738 (രണ്ടാം അർദ്ധ വർഷം) | 450 | 300 | 150 | റ.നം. 11506400055 തീ.15.03.2016 |
| | | | | | ആകെ | 300 | |

5. നഗരസഭാ പരിധിയിൽ വിവിധ പൊതുമരാമത്ത് കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ശേഖരിച്ച് അവരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

6. താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ സമർപ്പിച്ച പത്രികയിൽ ആകെ അർദ്ധവർഷ വരുമാനം രേഖപ്പെടുത്താതെയാണ് നികുതി അടവാക്കിയിരിക്കുന്നത്. ഇക്കാരണത്താൽ യഥാർത്ഥത്തിൽ അടവാക്കേണ്ടിയിരുന്ന നികുതി തന്നെയാണോ അടവാക്കിയത് എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | BWWF ഡിസ്പൻസറി, മിനിസ്ട്രി ഓഫ് ലേബർ,ഗവ. ഓഫ് ഇന്ത്യ | ഒന്നാം അർദ്ധ വർഷം |
| 2 | കെ എസ് ഇ ബി , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 3 | റെയിൽവേ സ്റ്റേഷൻ , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |

ഭാവിയിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി പത്രിക സമർപ്പിക്കാൻ സ്ഥാപന മേധാവികൾക്ക് നിർദേശം നൽകേണ്ടതാണ്.

7. താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | സനാതന ആർട്സ് & സയൻസ് കോളേജ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 2 | നീലേശ്വരം ബ്ലോക്ക് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 3 | നീലേശ്വരം വനിതാ സർവ്വീസ് സഹകരണ സംഘം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 4 | സ്കോളർ കോളേജ് , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 5 | ഗുരുകുലം കമ്പ്യൂട്ടർ സെന്റർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 6 | കെ ജി പി സ്റ്റഡി സെന്റർ | രണ്ടാം അർദ്ധവർഷം |
| 7 | എസ് എസ് ഫിനാൻസ് ഗോൾഡ് ലോൺ, ചിറപ്പുറം | ഒന്നാം അർദ്ധവർഷം |
| 8 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 9 | പേരോൽ ട്യൂഷൻ സെന്റർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 10 | ദക്ഷിൺ ഭാരത് (ഹിന്ദി) | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 11 | സരസ്വതി വിദ്യാമന്ദിരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ പിന്നീട് നികുതി അടവാക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.ആയതിനാൽ മേൽ സ്ഥാപനങ്ങളുടെ നികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/30.01.2017)

## 2-5 ടെണ്ടർ നോട്ടീസ് & ഇ എം ഡി - പുതുക്കിയ നിരക്ക് ഈടാക്കുന്നില്ല

ടെണ്ടർ ഫോമുകളുടേയും ഇ എം ഡി യുടേയും വില പുതുക്കി നിശ്ചയിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നിലവിൽ വന്നിട്ട് രണ്ട് വർഷത്തോളമായിട്ടും [ജി.ഒ(പി)നം.03/2015/ധന തീ.05.01.2015](05.01.2015 തീയ്യതി പ്രാബല്യത്തിൽ) ഇപ്പോഴും ജി.ഒ (പി)നം.540/2008/ധന തീ.01.12.2008 ൽ പറഞ്ഞിരിക്കുന്ന പഴയ നിരക്ക് തന്നെയാണ് ഈടാക്കി വരുന്നത്. ഇത് വഴി മുനിസിപ്പൽ

ഫണ്ടിന് വരവ് നഷ്ടം ഉണ്ടാകുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് | ഈടാക്കിയ ടെണ്ടർ ഫോം വില | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ ഇ എം ഡി | ഈടാക്കേണ്ടിയിരുന്ന ഇ എം ഡി |
|---|---|---|---|---|---|
| പാലായി മുനിസിപ്പൽ ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ (പ്രോ.നം.202/16) | 1,00,000/- | 200 + VAT | 500 + VAT | 1000 | 2500 |
| കുടുംബ ശ്രീ ഹാളിലേക്ക് LCD പ്രോജക്റ്റർ വാങ്ങൽ (പ്രോ.നം.202/16) | 50,000/- | 200+ VAT | 300 + VAT | 500 | 1250 |
| മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം(പ്രോ.നം.198/16) | 2,00,000/- | 200 +VAT | 500+ VAT | 2000 | 5000 |
| എസ് സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം (പ്രോ.നം.81/16) | 1,00,000/- | 200 + VAT | 500 + VAT | 1000 | 2500 |
| പത്താം തരം എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം(പ്രോ.നം.80/16) | 1,00,000/- | 200 + VAT | 500 + VAT | 1000 | 2500 |
| അംഗണവാടികൾക്ക് കസേര വിതരണം (പ്രോ.നം.76/16) | 72,000/- | 200+VAT | 500+VAT | 720 | 1800 |
| CHMKSS GVHSS , കോട്ടപ്പുറത്തിനു വേണ്ടി ലാബ് ഉപകരണങ്ങൾ വാങ്ങൽ (പ്രോ.നം.76/16) | 3,50,000/- | 200+VAT | 700+ VAT | 3500 | 8750 |

ഭാവിയിൽ പുതുക്കിയ നിരക്ക് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജ് പഠനത്തിന് ധനസഹായം പദ്ധതി - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ

നീലേശ്വരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ

പ്രൊജക്ട് നം.77/15-16

ബിൽ നം.07/15-16/11.2.16 – 25000/- രൂപ

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാനുള്ള ഈ പദ്ധതി പ്രകാരം 1 ഗുണഭോക്താവിന് 25000/- രൂപ നൽകിയിട്ടുണ്ട്. തൃക്കരിപ്പൂർ ഇ.കെ.നായനാർ സ്മാരക ഗവ:പോളിടെക്ക്നിക്കിൽ പഠിക്കുന്ന സുകന്യ.കെ, D/O സുരേഷ്.വി, ചക്ലിയ കോളനി, വട്ടപ്പൊയിൽ എന്ന വിദ്യാർത്ഥിനിക്കാണ് 25000/- രൂപ നൽകിയിട്ടുള്ളത്. ഡിഡി നം.633881/12.2.2016. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ, ഗ്രാമസഭ മിനിട്സുകൾ എന്നിവ ഓഡിറ്റ് പരിശോധന നടത്തി. ഓഡിറ്റിന് ആദ്യം സമർപ്പിച്ച നഗരസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം ഈ പദ്ധതിക്ക് 4 ഗുണഭോക്താക്കളെയാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. ഈ 4 ഗുണഭോക്താക്കളിൽ സുകന്യ.കെ എന്ന വിദ്യാർത്ഥിനി ഉൾപ്പെടുന്നില്ല. പിന്നീട് വീണ്ടും സുകന്യ.കെ എന്ന വിദ്യാർത്ഥിനി ഉൾപ്പെടുന്ന 5 പേർ അടങ്ങിയ ഗുണഭോക്തൃലിസ്റ്റ് സമർപ്പിച്ചു. ഇങ്ങനെ രണ്ട് തരം ഗുണഭോക്തൃലിസ്റ്റ് സമർപ്പിച്ചതിനാൽ അതിന്റെ ആധികാരികത പരിശോധിക്കാൻ വിദ്യാർത്ഥിനി ഉൾപ്പെടുന്ന 10 -ാം വാർഡിന്റെ മിനിട്സ് പരിശോധന നടത്തിയപ്പോൾ 5.7.2015 ന് യോഗം ചേർന്ന് വിവിധ പദ്ധതികളുടെ ഗുണഭോക്തൃപട്ടികകൾ അംഗീകരിച്ചിട്ടുണ്ട്. ആകെ 13 പദ്ധതികളുടെ ഗുണഭോക്തൃപട്ടികകളാണ് ക്രമ നമ്പർ 1 മുതൽ 13വരെ തീരുമാനങ്ങളായി അംഗീകരിച്ചിട്ടുള്ളത്. ഇതിൽ 4-ാമത്തെ തീരുമാനത്തിന് ശേഷം തീരുമാനം നമ്പർ ഇല്ലാതെ സുകന്യ.കെ എന്ന വിദ്യാർത്ഥിനിയുടെ പേര് പിന്നീട്

മിനിട്സിൽ എഴുതി ചേർക്കുകയാണ് ചെയ്തത്.അത് കഴിഞ്ഞ് 5-ാം നമ്പർ തീരുമാനവും ഉണ്ട്. അതായത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിനിക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം.03/27.01.2017 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് 28.01.2017 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടി ഇപ്രകാരമാണ്, അപേക്ഷകൾ വിശദപരിശോധന നടത്തി മുൻഗണനാ പ്രകാരമുള്ള 4 അപേക്ഷകർ ധനസഹായത്തിന് അർഹരല്ലാത്തതിനാൽ നിരസിക്കുകയും, അഞ്ചാമത്തെ ഗുണഭോക്താവിന് തുക അനുവദിക്കുകയും ചെയ്തു എന്നാണ്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം വാർഡ്സഭ ഈ പദ്ധതിക്കായി 10 -ാം വാർഡിൽ നിന്നും ഒരു ഗുണഭോക്താവിനെയും തെരഞ്ഞെടുത്തിട്ടില്ല, പിന്നീട് മിനിട്സിൽ വിദ്യാർത്ഥിനിയുടെ പേര് എഴുതി ചേർക്കുകയാണ് ചെയ്തത്. അതിനാൽ ഈ ഗുണഭോക്താവിന് നൽകിയ 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു, ഈ തുക ഉത്തരവാദിയായ പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 നഗരസഭാ സെക്രട്ടറിക്ക് മുറിവാടക നൽകിയത്-അപാകത

2015-16 വർഷത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എൻ.കെ.ഹരീഷിന് താമസിക്കാനുള്ള മുറി വാടക ഇനത്തിൽ പ്രതിമാസം 4500/- രൂപ നിരക്കിൽ 03/15 മുതൽ 02/16 വരെ 12 മാസത്തേക്ക് ആകെ 54000/- രൂപ അനുവദിച്ചിട്ടുണ്ട്. 21.5.2015 ലെ ഭരണസമിതി തീരുമാനം നം.3 പ്രകാരമാണ് തുക നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ,തിയ്യതി | തുക | ചെക്ക് നമ്പർ/തിയ്യതി | ഏതുമാസത്തെ വാടക |
|---|---|---|---|---|
| 1 | വൗച്ചർ നം.21500232/8.6.15 | 13500/- | 558864/8.6.15 | 03/15, 04/15, 05/15 |
| 2 | വൗച്ചർ നം.21500318/7.7.15 | 4500/- | 558891/7.7.15 | 06/15 |
| 3 | വൗച്ചർ നം.21500444/10.8.15 | 4500/- | 592450/10.8.15 | 07/15 |
| 4 | വൗച്ചർ നം.21500560/10.9.15 | 4500/- | 592475/10.9.15 | 08/15 |
| 5 | വൗച്ചർ നം.21500643/1.10.15 | 4500/- | 592504/1.10.15 | 09/15 |
| 6 | വൗച്ചർ നം.21500766/4.11.15 | 4500/- | 636654/4.11.15 | 10/15 |
| 7 | വൗച്ചർ നം.21500785/1.12.15 | 4500/- | 636665/1.12.15 | 11/15 |
| 8 | വൗച്ചർ നം.21500934/15.1.16 | 4500/- | 640426/15.1.16 | 12/15 |
| 9 | വൗച്ചർ നം.21501018/1.2.16 | 4500/- | 682431/1.2.16 | 01/16 |
| 10 | വൗച്ചർ നം.21501094/1.3.16 | 4500/- | 682452/1.3.16 | 02/16 |
| | ആകെ | 54000/- | | |

നഗരസഭാ സെക്രട്ടറിക്ക് താമസിക്കാനുള്ള മുറി വാടക നൽകുന്നതിന് 2015-16 വർഷത്തിൽ സർക്കാർ ഉത്തരവുകൾ ഇല്ല, ഇതിന് ആധാരമായി സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.05/27.1.2017 പ്രകാരം ആവശ്യപ്പെട്ടതിന് 16.1.2017 ൽ ഇറങ്ങിയ സർക്കാർ ഉത്തരവ് നം. 15/2017 /തസ്വഭവ എന്ന ഉത്തരവാണ് ഹാജരാക്കിയത്. ഈ ഉത്തരവിന് 16.1.2017 മുതലാണ് പ്രാബല്യം, കൂടാതെ മുൻകാല പ്രാബല്യത്തെക്കുറിച്ച് ഉത്തരവിൽ ഒന്നും പറയുന്നില്ല. അതിനാൽ 2015-16 വർഷത്തിൽ നഗരസഭാ സെക്രട്ടറിക്ക് താമസിക്കാനുള്ള മുറി വാടക നൽകുന്നതിന് ചെലവഴിച്ച 54,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല

കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര സാഹചര്യങ്ങളിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ, വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം പരമാവധി വേഗത്തിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം ബാങ്ക് പലിശ നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച 04.10.2011 ലെ ജി.ഒ(പി) നം. 419/11(ഫിൻ) നമ്പർ ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കുകയും, എന്നാൽ ക്രമീകരിച്ച ബില്ലുകൾ യഥാസമയം സമർപ്പിക്കുകയും ചെയ്താൽ വിനിയോഗിക്കാത്ത തുകക്ക് 18% വാർഷിക പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ ക്രമീകരിച്ച ബില്ലുകൾ യഥാസമയം സമർപ്പിക്കാതിരുന്നാൽ മുൻകൂർ തുക മുഴുവനും ഒറ്റത്തവണയായി തിരിച്ചടക്കേണ്ടതും തുക അനുവദിച്ച തിയ്യതി മുതൽ തിരിച്ചടക്കുന്ന തിയ്യതി വരെ 18% വാർഷിക പലിശ ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

(a)വിവിധ ചെലവുകൾ നടത്താൻ മുൻകൂർ നൽകിയത് ക്രമപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷമായ 2015-16 ലും അതിന് മുമ്പും വിവിധ ചെലവുകൾ നടത്താൻ നഗരസഭ നൽകിയ മുൻകൂറുകൾ ക്രമീകരിക്കാൻ ചെയ്യാൻ ബാക്കിയുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ നൽകിയ വർഷം | വൗച്ചർ നം./തിയ്യതി | തുക | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | എന്താവശ്യത്തിന് |
|---|---|---|---|---|---|
| 1 | 2011-12 | 37/07/11-12/ Dt.22.7.11 | 5000/- | ശിശുപാലൻ PWD-II | കമ്പ്യൂട്ടർ സജ്ജീകരണങ്ങൾക്ക്. |
| 2 | 2014-15 | 91/03/14-15/ Dt.31.3.15 | 9000/- | രൂപേഷ്.ഇ JHI-II | കണ്ടിൻജന്റ് യൂണിഫോം |
| 3 | 2015-16 | 21500941/23.1.16 | 25000/- | ജിതേഷ് കുമാർ JHI | റിപ്പബ്ലിക് ദിനശുചീകരണം |
| 4 | 2015-16 | 21501079/1.3.16 | 10000/- | ബീനാകുമാരി JHI | നന്മ പദ്ധതി |

ഓഡിറ്റ് എൻക്വയറി നമ്പർ 11/27.1.2017 പ്രകാരം മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ക്രമ നമ്പർ 2,3,4 എന്നിവയുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് സമർപ്പിച്ചിരുന്നു. പക്ഷെ ഫയലിൽ മുൻകൂർ ക്രമീകരിച്ചതിന്റെ കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ക്രമ നമ്പർ 1 പ്രകാരം 2011-12 ൽ നൽകിയ മുൻകൂർ നാളിതുവരെയായി ക്രമീകരിക്കാത്തതിനാൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ മുൻകൂർ നൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ക്രമ നമ്പർ 2,3,4 എന്നിവ പ്രകാരം നൽകിയ മുൻകൂർ ക്രമീകരിച്ചതിന്റെ കൃത്യമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 44,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(b)മഴക്കാല പൂർവ്വശുചീകരണം മുൻകൂർ നൽകിയത് ക്രമപ്പെടുത്തിയിട്ടില്ല.

2015-16 വർഷത്തെ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും വാർഡ് ഒന്നിന് 10000/- രൂപ വീതം ആകെ 3,20,000/- രൂപയും, തനത് ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് 5000/- രൂപ വീതം ആകെ 1,60,000/- രൂപയും ചേർത്ത് ആകെ 4,80,000/- രൂപ നഗരസഭയിലെ JHI മാർക്ക് താഴെപ്പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നം. | JHI യുടെ പേര് | വാർഡ് | തുക |
|---|---|---|---|
| | വൗച്ചർ നം.21500165/19.5.15 – 1,48,000/- രൂപ, ചെക്ക് നം.558847/19.5.15 | | |
| 1 | ശ്രീ.മോഹനൻ.പിപി,JHI -II | 1മുതൽ 8 വരെ | 63000 |

| | | | |
|---|---|---|---|
| 2 | ശ്രീമതി.സ്മിത.പിപി JHI -II | 25മുതൽ 32 വരെ | 45000 |
| 3 | ശ്രീമതി.ബീനാകുമാരി JHI -II | 17മുതൽ 24 വരെ | 40000 |
| | വൗച്ചർ നം.21500166/19.5.15 - 48,000/- രൂപ<br>ചെക്ക് നം.558848/19.5.15 | | |
| 4 | ശ്രീ.രൂപേഷ്.ഇ JHI -II | 9മുതൽ 16 വരെ | 48000 |
| | വൗച്ചർ നം.21500599/22.9.15<br>-72000/- രൂപ<br>ചെക്ക് നം.592496/22.9.15 | | |
| 5 | ശ്രീ.രൂപേഷ്.ഇ JHI -II | 9മുതൽ 16 വരെ | 72000/- |
| | വൗച്ചർ നം.54/09/15-16 -<br>- 2,12,000/-രൂപ<br>ചെക്ക് നം.592497/22.9.15 | | |
| 6 | ശ്രീ.ജിതേഷ്കുമാർ.കെ.വി<br>JHI -I | 1മുതൽ 8 വരെ | 57000/- |
| 7 | ശ്രീമതി.സ്മിത.പിപി JHI -II | 25മുതൽ 32 വരെ | 80000/- |
| 8 | ശ്രീമതി.ബീനാകുമാരി JHI -II | 17മുതൽ 24 വരെ | 75000/- |
| | | ആകെ | 4,80,000/- |

മഴക്കാലപൂർവ്വ ശുചീകരണത്തിന് അനുവദിച്ച തുക ശുചിത്വ മിഷന്റെ ഉത്തരവുകൾ അനുസരിച്ച് മഴക്കാലത്തിന് മുമ്പ് തന്നെ ചെലവഴിക്കേണ്ടതാണ്. ഈ മുൻകൂർ തുക ശുചിത്വ മിഷന്റെ ഉത്തരവുകൾ അനുസരിച്ച് തന്നെയാണോ ചെലവഴിച്ചത് , ആകെ 4,80,000/- രൂപ ക്രമീകരിച്ചതിന്റെ ചെലവ് വൗച്ചറുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 09/27.1.2017 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ മുൻകൂർ നൽകിയ 4,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഇ.പി.എഫ് അടവ് വൈകിയതിന് പലിശ, ഡാമേജ് തുക ഒടുക്കിയത്.

വൗച്ചർ നം.21500732/31.10.15 – 38,770/- രൂപ.

നഗരസഭയിലെ ദിവസവേതനത്തിന് ജോലി ചെയ്യുന്ന 3 ഡ്രൈവർമാരുടെ ഇ.പി.എഫ് പ്രതിമാസവരി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് വീഴ്ച വന്നതിനാൽ ഇ.പി.എഫ് സെക്ഷൻ 7Q,14B എന്നിവ പ്രകാരം 02/2012 മുതലുള്ള പലിശ, ഡാമേജ് എന്നിവ ഒടുക്കുന്നതിന് അസി.പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ കത്ത് നം.KR/KNR/18780/Enf.2(4)/7Q/2015-16/Dt.19.10.15 പ്രകാരം 12,997/- രൂപ പലിശ ഇനത്തിലും, കത്ത് നം.KR/KNR/Enf.2(4)/Damages/18780/2015-16/Dt.19.10.15 പ്രകാരം 25,773/- രൂപ ഡാമേജ് ഇനത്തിലും ചേർത്ത് ആകെ 38,770/- രൂപ ഒടുക്കിയിട്ടുണ്ട്. ചെക്ക് നം.636639/31.10.15. പ്രതിമാസവരി ഒടുക്കാൻ വൈകിയതിനാലാണ് ഇങ്ങനെ തുക ഒടുക്കേണ്ടി വന്നത്, ഇതിന് ഓഡിറ്റ് എൻക്വയറി നം.10/27.01.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് എന്റെ കാലയളവിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നാണ് ജി.1 ക്ലാർക്ക് മറുപടി നൽകിയിരിക്കുന്നത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, പ്രതിമാസവരി ഒടുക്കാൻ കാലതാമസം ഉണ്ടായതിന് വ്യക്തമായ മറുപടി നൽകേണ്ടതാണ്. ചെലവ് തുക 38,770/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ചെലവ് വൌച്ചറുകൾ ഹാജരാക്കിട്ടില്ല 1,18,816/ രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭയിൽ 2015-16 വർഷത്തിൽ പ്രൊജക്ട് നമ്പർ 2/2015-16 പ്രകാരം അങ്കൺവാടികളിൽ ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് നടപ്പിലാക്കുന്നതിനായ് ബിൽ നമ്പർ 8/2015-16 തിയ്യതി:14.12.2015 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നീലേശ്വരം സബ് ട്രഷറിയിൽ നിന്നും 118816/= രൂപ പിൻവലിച്ചിട്ടുണ്ട്.മേൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ക്യാഷ്ബുക്കിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, ഓഡിറ്റ് എൻക്വയറി നമ്പർ 02/2017 തിയ്യതി:25.01.2017 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിട്ടില്ല. രേഖകളില്ലാതെ ചെലവഴിച്ച 1,18,816/= രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത പക്ഷം, മേൽ തുക നിരാകരിക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ. സി.ഡി.എസ്, സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-6 പദ്ധതി നടത്തിപ്പിലെ അപാകത **71,906** രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ . ഐ.സി.ഡി.എസ്.സൂപ്പർവൈസർ

നഗരസഭയിൽ 2015-16 വർഷത്തിൽ നിർവ്വഹണ ഉഗ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർ പ്രൊജക്ട് നമ്പർ 76/2015-16 പ്രകാരം അങ്കണവാടികൾക്ക് കസേര വാങ്ങുന്ന പദ്ധതി നടപ്പിലാക്കിട്ടുണ്ട്.നീലേശ്വരം സബ് ട്രഷറിയിൽ നിന്നും ബിൽ നമ്പർ 10/2015-16 തിയ്യതി12.02.2015 പ്രകാരം 71906 രൂപ പദ്ധതി നടത്തിപ്പിനായി പിൻവലിച്ചിട്ടുണ്ട്.സർക്കാർ അംഗീകാരമുള്ള സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നുമാണ് സിഡ്കോ നിഷ്കർഷിക്കുന്ന വിലയിൽ കസേരകൾ വാങ്ങിട്ടുള്ളത് . സർക്കാർ ഉത്തരവ് നമ്പർ ജി.ഓ.(ആർ.ടി.)26/2015 എസ്.പി.ഡി.തിയ്യതി.28.05.2015പ്രകാരം നിശ്ചിത അളവിലും വിലയിലുമുള്ള സ്റ്റീൽ,വുഡൺ ഫർണീച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് ഉത്തരവ് നിഷ്കർഷിക്കുന്നു.നഗരസഭയിലെ വിവിധ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി 200ഫൈബർ കസേരകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിട്ടുള്ളത്.200 കസേരകൾക്ക് 314 നിരക്കിൽ 62800രൂപയും 14 ശതമാനം വാറ്റ് തുകയായ 9106 രൂപയും ഉൾപ്പെടെ ആകെ 71906 രൂപ സിഡ്കോ കൈപ്പറ്റിയിട്ടുണ്ട്.മേൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി സിഡ്കോ നിഷ്കർഷിക്കുന്ന വിലയിൽ തുക ചെലവഴിച്ചതിനാൽ ചെലവ് തുകയായ71906 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ– അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ , ജി എൽ പി എസ് നീലേശ്വരം

I. പത്താം തരം തുല്യതാ പരീക്ഷ – പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം പൂർത്തികരിച്ചിട്ടില്ല

പ്രോജക്റ്റ് നം - 26 / 2016 പത്താം തരം തുല്യതാ കോഴ്സ്

വകയിരുത്തൽ - വികസന ഫണ്ട് (ജനറൽ) 45,000/-

ബിൽ നം- 05/2015-16 തീ.01.01.2016 Rs. 34,500/-

2015-16 വർഷത്തിൽ 23പഠിതാക്കളെ പത്താം തരം തുല്യതാ പരീക്ഷയ്ക്കായി തെരഞ്ഞെടുക്കുകയും പരീക്ഷാ ഫീസിനത്തിൽ 34,500/- (1500 x 23) രൂപ കേരള സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുമുണ്ട് ( DD No.63382/04.02.2016 ) . എന്നാൽ പഠിതാക്കൾ പരീക്ഷ എഴുതിയ വിവരങ്ങളോ ,എത്ര പഠിതാക്കൾക്ക് കോഴ്സ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ടെന്നോ ഉള്ള വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 34,500/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

II. ലൈബ്രറിക്ക് ബുക്ക് വാങ്ങൽ - സർക്കാർ നിർദേശം പാലിച്ചില്ല

പ്രോജക്റ്റ് നം - 231/2016 ലൈബ്രറിക്ക് ബുക്ക് വാങ്ങൽ

വകയിരുത്തൽ - വികസന ഫണ്ട് (ജനറൽ) 2,00,000/-

ബിൽ നം- 07/2015-16 തീ. 16.03.2016 Rs. 1,50,000/-

മേൽ പദ്ധതിയുടെ നടത്തിപ്പിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അതുല്യ ബുക്ക് സ്റ്റാൾ, കണ്ണൂർ എന്ന സ്ഥാപനത്തിന് പുസ്തകങ്ങൾ വിതരണം ചെയ്തതിന് 1,50,000/- (DD No.634941/18.03.2016 ) നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പുസ്തകങ്ങൾ വാങ്ങിക്കുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിനു മുൻഗണന നൽകണമെന്നും ബുക്ക് മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേ നിന്നു വാങ്ങാവൂ എന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല (സർക്കുലർ നം.38156/ഡിഎ2/12/തസ്വഭവ തീ.05.09.2012, സർക്കുലർ നം.117217/ഡിഎ2/15/തസ്വഭവ തീ.13.02.2015). ഭാവിയിൽ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 പട്ടികജാതി കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം പദ്ധതി- ആദ്യഗഡു കൈപ്പറ്റിയവർ വീട് നിർമ്മാണം തുടങ്ങിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - നീലേശ്വരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ

പ്രൊജക്ട് നം.78/15-16

ബിൽ നം.06/11.2.2016 – 3,60,000/-

പട്ടികജാതി കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഈ പദ്ധതിക്കായി വിവിധ വാർഡുകളിൽ നിന്നും തെരെഞ്ഞെടുത്തവരിൽ ആകെ 13 ഗുണഭോക്താക്കളാണ് കരാർ ഒപ്പുവെച്ചിട്ടുള്ളത്. ഈ 13 ഗുണഭോക്താക്കൾക്കും ആദ്യഗഡു കൈമാറിയിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന 7 ഗുണഭോക്താക്കൾ ആദ്യഗഡുവായി 30,000/- രൂപ വീതം കൈപ്പറ്റിയിട്ടും നാളിതുവരെയായി വീട് പണി തുടങ്ങിയിട്ടില്ല എന്നാണ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ഇവരുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക | ഡിഡി നം. |
|---|---|---|---|
| 1 | അശോകൻ.പി<br>s/oശേഖരൻ.പി<br>കരുവാച്ചേരി | 30,000/- | 633359/12.2.16 |
| 2 | പി.കുഞ്ഞികൃഷ്ണൻ<br>കൊട്ടറ കോളനി | 30,000/- | 633361/12.2.16 |
| 3 | രമേശൻ.പി<br>കണിച്ചിറ കോളനി | 30,000/- | 633362/12.2.16 |
| 4 | ലക്ഷ്മി.എം<br>w/oബാലകൃഷ്ണൻ.കെ(Late)<br>കൊട്ടറ കോളനി | 30,000/- | 633364/12.2.16 |
| 5 | ബീന.കെ<br>w/o മധു, കൊട്ടറ കോളനി | 30,000/- | 633366/12.2.16 |
| 6 | തമ്പാൻ.പി<br>s/o ചൊക്കൻ (Late)<br>കണിച്ചിറ കോളനി | 30,000/- | 633367/12.2.16 |
| 7 | ദിവ്യ.പി<br>w/o ഷനീജ്,<br>വണ്ണംപുരയ്ക്കൽ,പള്ളിക്കര | 30,000/- | 633368/12.2.16 |

ആദ്യഗഡു കൈപ്പറ്റി നാളിതുവരെയായി വീട് പണി തുടങ്ങാത്ത ഈ ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.03/27.01.2017 പ്രകാരം ചോദിച്ചതിന് 28.01.2017 ന് മറുപടി നൽകിയിട്ടുണ്ട്. ആദ്യഗഡു കൈപ്പറ്റിയ ഈ 7 പേരിൽ 5 പേർ (ക്രമനം.3 മുതൽ 7വരെ) തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്, ക്രമ നമ്പർ 1,2 പ്രകാരമുള്ളവരാണ് ഇതുവരെ വീട് നിർമ്മാണം തുടങ്ങാത്തത്. ഇവരുമായി ചർച്ച നടത്തിയപ്പോൾ ഇവർ തുക തിരിച്ചടക്കാൻ തയ്യാറാണ് എന്നും, അടുത്ത ഓഡിറ്റിന് മുമ്പ് തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകിരിക്കും എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. അതിനാൽ തറ നിർമ്മാണം പൂർത്തീകരിച്ച 5 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്, വീട് നിർമ്മാണം തുടങ്ങാത്ത 2 ഗുണഭോക്താക്കളിൽ നിന്നും ആദ്യഗഡുവായി നൽകിയ ആകെ 60,000/- രൂപ തിരിച്ചു പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 മാലിന്യസംസ്കരണം - ക്ലീൻ കേരളാ ലിമിറ്റഡ് കമ്പനിയുടെ ഓഹരി വാങ്ങൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പദ്ധതി പ്രൊജക്റ്റ് നം. 249/16

ബില്ല് നം. 32/15-16/30.3.16 – 50,00,000/-രൂപ.

2015-16 വർഷത്തിൽ മാലിന്യ നിർമാർജ്ജനത്തിനായി കേരള സർക്കാരിന്റെ കീഴിൽ പുതുതായി ആരംഭിച്ച ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 1000/- രൂപ വിലയുള്ള 5000 ഓഹരികൾ വാങ്ങുന്നതിന് നീലേശ്വരം നഗരസഭ ആകെ 50,00,000/-രൂപ ഈ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്.( ഡിഡി നം. 612771/11.8.16).സർക്കാർ ഉത്തരവ് (സാധാ) നം. 893/2014/ തസ്വഭവ,തിയ്യതി.26.3.2014 പ്രകാരം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ സ്ഥാപനത്തിന്റെ ഓഹരികൾ വാങ്ങുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് നം.69/26.12.2016 അനുസരിച്ച് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് 5000 ഓഹരികൾ നീലേശ്വരം നഗരസഭക്ക് അനുവദിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം.93/2014/ത.സ്വ.ഭ.വ,തിയ്യതി. 28.5.2014 പ്രകാരം നഗരസഭകളുടെ മാലിന്യസംസ്കരണ പദ്ധതികൾ ടെണ്ടർ നടപടി ഒഴിവാക്കി ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയും, പദ്ധതി വിഹിതത്തിൽ മാലിന്യസംസ്കരണ മേഖലയിൽ ചെലവഴിക്കാനായി നീക്കിവച്ച തുകയിൽ നിന്നും മുൻകൂർ നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. നീലേശ്വരം നഗരസഭ കമ്പനിയുടെ ഷെയർ എടുത്തതല്ലാതെ ഈ കമ്പനിയിലൂടെ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് ഏൽപ്പിക്കാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഓഹരി പങ്കാളിത്തമല്ലാതെ ഒരു പ്രയോജനവും നഗരസഭക്ക് ഇതുവരെ ലഭിച്ചിട്ടില്ല. അതിനാൽ വരും വർഷങ്ങളിൽ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് ഏൽപ്പിക്കാവുന്ന വിവിധ പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കി ക്ലീൻ കേരള കമ്പനി ലിമിറ്റഡിലൂടെ നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു, എങ്കിൽ മാത്രമെ 50,00,000/-രൂപ ചെലവഴിച്ച് 5000 ഓഹരികൾ വാങ്ങിയതിന്റെ യഥാർത്ഥ പ്രയോജനം നഗരസഭക്ക് ലഭിക്കുകയുള്ളൂ.

## 3-10 GLPS പരത്തിക്കമുറിയുടെ കെട്ടിടം പൊളിച്ചു നീക്കൽ പ്രവൃത്തി-അപാകത

വൗച്ചർ നം.21500670/5.10.15 – 21000/-രൂപ

നീലേശ്വരം നഗരസഭയുടെ കീഴിലുള്ള GLPS പരത്തിക്കമുറിയുടെ കെട്ടിടം പൊളിച്ചു നീക്കൽ പ്രവൃത്തി നടത്തിയതിന് ശ്രീ.എം.കൃഷ്ണൻ, കുണ്ടിൽ ഹൗസ്, കോയാമ്പുറം എന്നവർക്ക് തനത് ഫണ്ടിൽ നിന്നും 21000/-രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്കൂൾ പൊളിച്ചു നീക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയർ സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖ, ഈ പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചത്, ലഭിച്ച ക്വട്ടേഷനുകൾ, ഭരണസമിതി അംഗീകാരം നൽകിയത് എന്നിവയൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൊളിച്ചതിനുശേഷം മെഷർമെന്റ് നടത്തി ഉപയോഗ യോഗ്യമായ സാധനങ്ങളുടെ വില നിശ്ചയിച്ചതിന്റെ വിവരങ്ങൾ, ഈ സാധനങ്ങൾ ലേലം നടത്തി തുക മുനിസിപ്പൽ ഫണ്ടിലേക്ക് വരവ് വച്ചതിന്റെ വിവരങ്ങൾ എന്നിവയും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.04/27.1.2017 പ്രകാരം ഈ രേഖകളെല്ലാം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 21000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-11 നഗരസഭയുടെ കാറിന്റെ ടയറുകൾ മാറ്റിയത് - പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ അനുമതി വാങ്ങിയിട്ടില്ല.

വൗച്ചർ നം. 21500242/10.6.15 - 9800/- രൂപ.

നഗരസഭയുടെ KL 60-C -7781 കാറിന്റെ 2 ടയറുകൾ മാറ്റിയതിന് ശ്രീദേവി സർവ്വീസ് സ്റ്റേഷൻ & വീൽ അലൈൻമെന്റിന്റെ ബില്ല് നം.383/Dt.27.5.15 പ്രകാരം 9800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ രണ്ട് 2 ടയറുകൾ മാറ്റുന്നതിന് PWD മെക്കാനിക്കൽ ഡിവിഷനിൽ നിന്നും ഇവ ഉപയോഗയോഗ്യമല്ല എന്നതിന് സാക്ഷ്യപത്രം ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമെ പുതിയ ടയറുകൾ വാങ്ങുവാൻ പാടുള്ളൂ. PWD മെക്കാനിക്കൽ ഡിവിഷനിൽ നിന്നുള്ള സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/27.1.2017 പ്രകാരം സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 9800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ– സംബന്ധിച്ച്

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. പ്രോജക്റ്റ് നം- 40 / 2016 മുട്ടക്കോഴി വിതരണം (വനിത)

വകയിരുത്തൽ - വികസന ഫണ്ട്(സാധാ) 1,35,000/-

ഗുണഭോക്തൃ വിഹിതം 71,500/-

ആകെ 2,06,500/-

ബിൽ നമ്പർ - 06/2015-16 തീ.16.02.2016 Rs. 1,34,600/-

മേൽ പദ്ധതി പ്രകാരം 500 ഗുണഭോക്താക്കൾക്ക് 2000 മുട്ടകോഴികൾ വിതരണം ചെയ്തതിന് 2,06,100/- രൂപ കെ കെ എഗ്ഗർ നഴ്സറി, കരിവേടകത്തിന് നൽകിയിട്ടുണ്ട് (DD No.633824/04.02.2016 & DD No.634118/19.02.2016). എന്നാൽ പ്രസ്തുത എഗ്ഗർ നഴ്സറിക്ക് സർക്കാർ അംഗീകാരം ലഭിച്ചതിന്റെ രേഖകളോ വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളുടെ പ്രായം തെളിയിക്കുന്ന രേഖകളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃ വിഹിതമായി 75,000/- രൂപ പിരിച്ചെടുത്ത് തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് പിരിച്ചെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഈ ആവശ്യത്തിനായി നഗരസഭയിൽ നിന്നും രശീതി ബുക്കുകൾ ഒന്നും വിതരണം ചെയ്തിട്ടില്ല എന്നിരിക്കേ തുക ഏത് രീതിയിൽ പിരിച്ചെടുത്തു എന്നതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

II. പ്രോജക്റ്റ് നം- 11 / 2016 സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം

വകയിരുത്തൽ - വികസന ഫണ്ട്(സാധാ) 10,00,000/-

ഗുണഭോക്തൃ വിഹിതം 10,00,000/-

ആകെ 20,00,000/-

ബിൽ നമ്പർ - 02/2015-16 തീ.31.10.2015 Rs. 5,20,000/-

05/2015-16 തീ.12.02.2016 Rs. 4,80,000/-

i) അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം (12.08.2015 ലെ 12 നം. കൌൺസിൽ തീരുമാനം) 330 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ക്ഷീരസംഘങ്ങൾ ഹാജരാക്കിയ പാലുൽപ്പാദന രേഖ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെക്കൊടുത്തിരിക്കുന്ന വ്യക്തികൾക്കും കാലിത്തീറ്റ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | കർഷകന്റെ പേരും വിലാസവും | വാർഡ് നം. | ക്ഷീര സംഘത്തിന്റെ പേര് |
|---|---|---|---|
| 1 | ചന്ദ്രാവതി ഒ വി<br>തായലെ വീട്, മൂലപ്പള്ളി | I | നീലേശ്വരം ക്ഷീര വ്യവസായ സഹകരണ സംഘം |
| 2 | എൻ ജാനകി<br>പാലായി, പുത്തരിയടുക്കം | VIII | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 3 | കെ പി കുഞ്ഞികൃഷ്ണൻ<br>പാലാത്തടം, പുത്തരിയടുക്കം | VIII | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 4 | മോഹനൻ പി വി<br>പടിഞ്ഞാറെ വീട്, അങ്കക്കളരി<br>പുത്തരിയടുക്കം | VIII | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 5 | ശാന്ത പി വി<br>പടിഞ്ഞാറെ വീട്, അങ്കക്കളരി<br>പുത്തരിയടുക്കം | VIII | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |

| | | | |
|---|---|---|---|
| 6 | ഇ വി രാഘവൻ<br>എക്കാൽ വീട്, അങ്കക്കളരി<br>പുത്തരിയടുക്കം | VIII | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 7 | ഫാത്തിമ പി<br>പാലായി, പുത്തരിയടുക്കം | IX | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 8 | പി ദാമോദരൻ<br>നീലായി , പുത്തരിയടുക്കം | IX | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 9 | കുഞ്ഞികൃഷ്ണൻ പി<br>പൂവാലംകൈ, പുത്തരിയടുക്കം | XI | പാലായി ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 10 | പി രാമദാസ്<br>കളത്തിൽ വീട്, ചാത്തമത്ത് | IX | കാര്യങ്കോട്-ചെമ്മാക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 11 | പി അമ്പു<br>മുണ്ടേമ്മാട് ,കോട്ടപ്പുറം | രേഖപ്പെടുത്തിയിട്ടില്ല | കാര്യങ്കോട്-ചെമ്മാക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 12 | കെ സുകുമാരൻ<br>കുന്നരുവത്ത് ഹൌസ്<br>കാര്യങ്കോട് | XIV | കാര്യങ്കോട്-ചെമ്മാക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 13 | എം ലക്ഷ്മിക്കുട്ടി<br>'മാധവം' , പള്ളിക്കര | XVII | കാര്യങ്കോട്-ചെമ്മാക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 14 | പി നളിനി<br>W/o പി രാഘവൻ<br>കോയാമ്പുറം, കോട്ടപ്പുറം | XX | കാര്യങ്കോട്-ചെമ്മാക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം |

മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. കാലിത്തീറ്റ ചാക്കൊന്നിന് 540 രൂപ വീതം ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത് ആകെ 9,77,400/- രൂപ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് പിരിച്ചെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. പാലളന്നതിന് ക്ഷീര സംഘങ്ങൾ നൽകുന്ന ക്ഷീര കർഷകരുടെ ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ചാണ് സബ്സിഡിക്കുള്ള അർഹത നിശ്ചയിക്കുന്നത്. എന്നാൽ യാതൊരു ക്ഷീര സംഘത്തിന്റേയും ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ അർഹരായവർക്ക് തന്നെയാണോ സബ്സിഡി അനുവദിച്ചത് എന്ന കാര്യത്തിൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 17/30.01.2017)

## **3-13** പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ–നിർവ്വഹണം നടത്തിയ പദ്ധതികൾ– അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

1 ) ചെലവ് വൌച്ചറുകൾ ഹാജരാക്കിട്ടില്ല 13,800/ രൂപ തടസ്സപ്പെടുത്തുന്നു -

നഗരസഭയിൽ 2015-16 വർഷത്തിൽ പ്രൊജക്ട് നമ്പർ 191 /2015-16 പ്രകാരം ബഡ്സ് സ്കൂൾ ബസ് (KL-60D1066) റിപ്പേയർ ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് നടപ്പിലാക്കുന്നതിനായ് ബിൽ നമ്പർ 23/2015-16 തിയ്യതി:31.03.2016 പ്രകാരം നീലേശ്വരം സബ് ട്രഷറിയിൽ നിന്നും 13,800/=(1,16,286) രൂപ പിൻവലിച്ചിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, ഫയൽ ഓഡിറ്റ് എൻക്വയറി നമ്പർ 14/2017 തിയ്യതി:30.01.2017 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിട്ടില്ല. രേഖകളില്ലാതെ ചെലവഴിച്ച 13,800/= രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

2)ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് ഓഫിസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആശ്രയ ഭവന നിർമ്മാണം പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേർ,വിലാസം | തുടങ്ങിയ വർഷം | നൽകിയ തുക | ഡി.ഡി.നം തിയ്യതി | ബാക്കി തുക |
|---|---|---|---|---|---|
| 1 | പാട്ടില്ലത്ത് മാണി,തിരിക്കുന്ന വട്ടപ്പൊയിൽ | 2013-14 | 20,000 | 555995/01.04.13 | 1,80,000 |
| 2 | ജാനകി.പി.വി,പുതിയവീട്ടിൽ ചാത്തമത്ത് | 2014-15 | 80,000 | 317073/24.03.15 | 1,20,000 |

മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 റോഡ് റീടാറിംഗ് - MoRD ഡേറ്റാ പ്രകാരം പദ്ധതി നടപ്പാക്കതിനാൽ അധിക തുക നല്കാൻ ഇടയായി.

തൻ വർഷം നഗരസഭ നടപ്പാക്കിയ റോഡ് റീടാറിംഗ് പ്രവൃത്തികളിലെല്ലാം Pot hole filling എന്ന ഇനത്തിന് MoRD ഡേറ്റാ പ്രകാരം നിരക്ക് നൽകാതെ IRC പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ CPWD നിരക്ക് നൽകി അയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിരിക്കുന്നു. ജി.ഒ(എം.എസ്)നം, 74/2014/തസ്വഭവ. തീയതി.07.05.2014 പ്രകാരം MoRD ഡേറ്റാ പ്രകാരമാണ് എസ്റ്റിമേറ്റ്തയ്യാറാക്കേണ്ടത്. MoRD ഡേറ്റാ പ്രകാരം മറ്റ് ജില്ലകളിൽ തയ്യാറാക്കിയിരിക്കുന്ന ഒബ്സേർവ്ഡ് ഡേറ്റായുടെ അടിസ്ഥാനത്തിൽ അനുവദീയ നിരക്ക് താഴെ സൂചിപ്പിക്കുന്നു.

Modified Penitration Macadum 75 mm thick using Bitumen VG-10 Packed bitumen rates construction of penetration mecadam over prepared base by providing a layer of compacted crushed coarse aggregate chips spreader with alternate application of bituminous binder and key aggregates and rolling with three wheel 80-100kN static roller to achieve the desired degree of compaction as per technical Specification Clause506.

| Descibtion | unit | Quantity | Rate ₹ | Cost ₹ |
|---|---|---|---|---|
| Unit=sqm<br>Taking output =4500sqm (225cm) | | | | |
| a) Labour<br>Mate<br>Mazdoor (unskilled)<br>Mazdoor(skilled) | Day<br>Day<br>Day | 0.40000<br>8.00000<br>2.00000 | 363.00<br>329.00<br>363.00 | 145.20<br>2632.00<br>726.00 |
| b) Mechinery<br>Hydrolic chip spreader | Hour<br>hour | 6.00000<br>2.57000 | 2652.00<br>800.00 | 15912.00<br>2056.00 |

| | | | | |
|---|---|---|---|---|
| self propelled chips spreader both for aggregate and key aggregates @1500 sqm per per hour for 4500X2 sqm<br>Bitumen pressure distributor@1750sqm per hour.<br>Tipper 5.5cum capacity for carriage of aggregates from stockpile to chip spreader<br>Three wheel 80-100KN Static roller<br>Front end loader cum bucket | hour<br>hour<br>hour | 10.00000<br>33.75000<br>6.00000 | 212.50<br>450.00<br>900.00 | 2125.00<br>15187.50<br>5400.00 |
| c) Meterials<br>Bitumen VG-10Packed @156 kg Drum @2kg per sqm<br>Carriage of bitumen<br>Hard broken metal 40mm size@0.09cum per sqm<br>Stone chips 12 mm size @ 0.018 cum per sqm | Tonne<br>tonne<br>cum<br>cum | 9.00000<br>9.00000<br>405.00000<br>81.0000 | 50600<br>106.49<br>1156.49<br>1281.49 | 455400<br>958.41<br>468378.45<br>103800.69 |
| Total<br>Cost of 45000sqm<br>Cost per 1 sqm | | | | 1072721.25<br>1072721<br>238.38 |
| Add<br>cost index 30.48%<br>Total<br>10% cp and 5% overhead charge | | | | 238.38<br>72.66<br>311.04<br>46.65 |
| Total | | | | 357.69 |

ഈ ഡേറ്റാ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്യിക്കുന്നതിന് പകരം താഴെപ്പറയുന്ന പ്രവർത്തികളിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം CPWD നിരക്കിൽ ഒബ്സേർവ്ഡ് ഡേറ്റാ താഴെപ്പറയുന്ന ഇനങ്ങൾ പ്രത്യേകം പ്രത്യേകമായി

എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.

| ക്രമനം | ഇനം |
|---|---|
| 1 | Supplying and stacking 36mm size hard blue broken stone in standard heaps(IRC 3.2.1a) |
| 2 | Supplying and stacking 12mm size hard blue broken stone in standard heaps(IRC 3.2.1a) |
| 3 | Filling up pot holes(cut and formed regular shape and all loose and defectivr meterials removed)after applying a prime coat of bitumen,using 36mm metal and compscting with power roller to get compacted surface and applying hot bitumen by pressure. |
| 4 | Levelling undulation less than 20mm using extra meterials to chipping carpet(total usage of bitumen 48/kg/m3) |

നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ വിശദാംശങ്ങൾ | ബിൽ നം,തുക | നടത്തിയപ്രവൃത്തിയുടെ അളവ് xഅനുവദിച്ച നിരക്ക് =അനുവദിച്ച തുക (₹) | | | | | അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|---|---|---|
| | | | stacking 36mm stone | stacking 12mm stone | Filling up pot holes | Levelling undulation | ആകെ അനുവദിച്ച തുക | |
| 1 | അങ്കകളരി റോഡ് റീടാറിംഗ്. 32/16 അളവ് ബുക്ക്.നം 143/15-16 കരാറുകാരൻ-ബാബു.എം ജോസഫ് (എസ്റ്റിമേറ്റ് നിരക്കിൽ) കരാർ-07/15-16/dt.08.09.15 | 61/15-16 /12.02.16- ₹299889/- | ഇനം നം.1 11.54m3 x 1735.34/m3= ₹20025.82 | ഇനം നം.2 0.88m3 x 1922.90/m3= ₹1692.15 | ഇനം നം.3 11.54m3 x 3761.72/m3=₹43410.25 | ഇനം നം.4 0.88m3 x 2785.37/m3=₹2451.13 | 67579.35 | 11.54/0.075m2 x 357.69= ₹55036.57 |
| 2 | പേരോൽ മഹേശ്വരി ക്ഷേത്രം റോഡ് ടാറിംഗ്. 206/16 അളവ് ബുക്ക്.നം 130/15-16 കരാറുകാരൻ-ബാബു.എം ജോസഫ് (എസ്റ്റിമേറ്റ് നിരക്കിൽ) കരാർ-08/15-16/dt.08.09.15 | (തനത് ഫണ്ട് ചെക്ക്.നം. 682432/08.02.16- ₹293453/- | ഇനം നം.5 4.15m x 1735.34/m3= ₹7201.66 | ഇനം നം.6 0.62m3 x 1922.90/m3= ₹1192.20 | ഇനം നം.7 4.15m3 x 3761.72/m3=₹15611.14 | ഇനം നം.8 0.62m3 x 2785.37/m3=₹1726.93 | 25731.93 | 4.15/0.075m2 x 357.69= ₹19792.18 |
| 3 | എൻ എസ് എസ് കിഴക്കൻ കൊഴവൻ മന്ദംപുറത്ത് റെയിൽവേ റോഡ്. റീടാറിംഗ്. 51/16 അളവ് ബുക്ക്.നം 129/15-16 കരാറുകാരൻ-ബാബു.എം ജോസഫ് (എസ്റ്റിമേറ്റ് നിരക്കിൽ) കരാർ-09/15-16/dt.08.09.15 | 44/15-16 28.1.16 ₹308932/- | ഇനം നം.2 8.36m3 x 1735.34/m3= ₹14507.44 | ഇനം നം.3 1.22m3 x 1922.90/m3= ₹2345.94 | ഇനം നം.4 8.36m3 x 3761.72/m3=₹31447.98 | ഇനം നം.5 1.22m3 x 2785.37/m3=₹3398.15 | 51699.51 | 8.36/0.075m2 x 357.69= ₹39870.51 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | ചാത്തമത്ത് ശ്മശാനം റോഡ് റീടാറിംഗ്.188/16<br>അളവ് ബുക്ക്.നം 128/15-16<br>കരാറുകാരൻ-ബാബു.എം ജോസഫ് (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-05/15-16/dt.08.09.15 | 45/15-16<br>28.1.16<br>₹494682/- | ഇനം നം.1<br>12.91m3 x<br>1735.34/m3=<br>₹22403.24 | ഇനം നം.2<br>1.70m3 x<br>1922.90/m3= ₹3268.93 | ഇനം നം.3<br>12.91m3 x<br>3761.72/m3=₹48563.81 | ഇനം നം.4<br>1.70m3 x<br>2785.37/m3=₹4735.13 | 78971.11 | 12.91/0.075m2 x 357.69=<br>₹61570.37 |
| 5 | എ.പി റോഡ് റീടാറിംഗ്.126/15-16<br>അളവ് ബുക്ക്.നം 126/15-16<br>കരാറുകാരൻ-ബാബു.എം ജോസഫ് (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-12/15-16/dt.08.09.15 | 43/15-16<br>28.01.16<br>₹494682/- | ഇനം നം.1<br>12.05m3 x<br>1735.34/m3=<br>₹20910.85 | ഇനം നം.2<br>1.54m3 x<br>1922.90/m3= ₹2961.27 | ഇനം നം.3<br>12.91m3 x<br>3761.72/m3=₹48563.81 | ഇനം നം.4<br>1.54m3 x<br>2785.37/m3=₹4289.47 | 76725.13 | 12.05/0.075m2 x 357.69=<br>₹57468..86 |
| 6 | ചിറ എൻ എസ് എസ് കിഴക്കൻ കൊഴവൻ കരിഞ്ചാത്തം വയൽ റോഡ് റീടാറിംഗ് 52/16<br>അളവ് ബുക്ക്.നം 132/15-16<br>കരാറുകാരൻ-ബാബു.എം ജോസഫ് (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-06/15-16/dt.08.09.15 | 44/15-16<br>28.01.16<br>₹355432/- | ഇനം നം.1<br>3.96m3 x<br>1735.34/m3=<br>₹6871.95 | ഇനം നം.2<br>0.75m3 x<br>1922.90/m3= ₹1442.18 | ഇനം നം.3<br>3.96m3 x<br>3761.72/m3=₹14896.41 | ഇനം നം.4<br>0.75m3 x<br>2785.37/m3=₹2089.03 | 25299.57 | 3.96/0.075m2 x 357.69=<br>₹18886.03 |
| 7 | കരുവാച്ചേരി എൻ.എച്ച് തോട്ടം ഫള്ളിക്കര അമ്പലം റോഡ് റീ ടാറിംഗ് 61/16<br>അളവ് ബുക്ക്.നം 138/15-16<br>കരാറുകാരൻ-വി.വി സുരേശൻ (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-17/15-16/dt.03.10.15 | 52/15-16<br>28.01.16<br>₹445084/- | ഇനം നം.1<br>10.93m3 x<br>1735.34/m3=<br>₹18967.26 | ഇനം നം.2<br>1.28m3 x<br>1922.90/m3= ₹2461.31 | ഇനം നം.3<br>10.93m3 x<br>3761.72/m3=₹41115.59 | ഇനം നം.4<br>1.28m3 x<br>2785.37/m3=₹3565.27 | 66109.43 | 10.93/0.075m2 x 357.69=<br>₹52127.36 |
| 8 | പാലക്കാട് ആൽചീർമ്മക്കാവ് റോഡ് റീടാറിംഗ്.64/16<br>അളവ് ബുക്ക്.നം 133/15-16<br>കരാറുകാരൻ-വി.വി സുരേശൻ (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-19/15-16/dt.03.10.15 | 51/15-16<br>28.01.16<br>₹445461/- | ഇനം നം.1<br>12.76m3 x<br>1735.34/m3=<br>₹22125.59 | ഇനം നം.2<br>1.82m3 x<br>1922.90/m3= ₹3499.68 | ഇനം നം.3<br>12.75m3 x<br>3761.72/m3=₹47961.93 | ഇനം നം.4<br>1.82m3 x<br>2785.37/m3=₹5069.37 | 78656.57 | 12.76/0.075m2 x 357.69=<br>₹60854.99 |
| 9 | ജീവൻ വിദ്യാസ്കൂൾ കണിയാച്ചേരി റോഡ് റീ ടാറിംഗ്.<br>68/16<br>അളവ് ബുക്ക്.നം 139/15-16<br>കരാറുകാരൻ-വി.വി സുരേശൻ (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-24/15-16/dt.04.11.15 | 70/15-16<br>29.02.16<br>₹245461/- | ഇനം നം.1<br>6.46m3 x<br>1735.34/m3=<br>₹11210.30 | ഇനം നം.2<br>0.81m3 x<br>1922.90/m3= ₹1557.55 | ഇനം നം.3<br>6.46m3 x<br>3761.72/m3=₹24300.71 | ഇനം നം.4<br>0.81m3 x<br>2785.37/m3=₹2256.15 | 39324.71 | 6.46/0.075m2 x 357.69=<br>₹30809.03 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | തോട്ടംകിള റോഡ് റീ ടാറിംഗ്.62/16<br>അളവ് ബുക്ക്.നം 135/15-16<br>കരാറുകാരൻ-വി.വി സുരേശൻ (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-15/15-16/dt.03.10.15 | 72/15-16<br>29.02.16<br>₹381794/- | ഇനം നം.1<br>8.75m3 x<br>1735.34/m3=<br>₹15184.25 | ഇനം നം.2<br>1.09m3 x<br>1922.90/m3=<br>₹2095.96 | ഇനം നം.3<br>8.75m3 x<br>3761.72/m3=₹32915.05 | ഇനം നം.4<br>1.09m3 x<br>2785.37/m3=₹3036.05 | 52231.31 | 8.75/0.075m2 x 357.69=<br>₹41730.05 |
| 11 | പള്ളിക്കര എൻ എച്ച് പെട്രോൾ പമ്പ് റോഡ് റീടാറിംഗ്.185/16<br>അളവ് ബുക്ക്.നം 137/15-16<br>കരാറുകാരൻ-വി.വി സുരേശൻ (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-18/15-16/dt.03.10.15 | 69/15-16<br>29.02.16<br>₹295856/- | ഇനം നം.2<br>7.30m3 x<br>1735.34/m3=<br>₹12667.98 | ഇനം നം.3<br>1.08m3 x<br>1922.90/m3=<br>₹2076.73 | ഇനം നം.4<br>7.28m3 x<br>3761.72/m3=₹27385.32 | ഇനം നം.5<br>1.08m3 x<br>2785.37/m3=₹3008.20 | 45138.23 | 7.30/0.075m2 x 357.69=<br>₹34815.16 |
| 12 | ചാത്തമത്ത് വായനശാല ചിറമ്മൽ റോഡ് റീ ടാറിംഗ് 70/16<br>അളവ് ബുക്ക്.നം 153/15-16<br>കരാറുകാരൻ-എ.കെ വിനോദ് (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-31/15-16/dt28.11.15 | 65/15-16<br>29.02.16<br>₹494662/- | ഇനം നം.2<br>10.70m3 x<br>1735.34/m3=<br>₹18568.14 | ഇനം നം.3<br>1.62m3 x<br>1922.90/m3=<br>₹3115/- | ഇനം നം.4<br>10.70m3 x<br>3761.72/m3=₹40250.40 | ഇനം നം.5<br>1.62 x<br>2785.37/m3=₹4512.30 | 66445.84 | 10.70/0.075m2 x 357.69=<br>₹51030.44 |
| 13 | ചാത്തമത്ത് വായനശാല ചിറമ്മൽ റോഡ് റീ ടാറിംഗ് 70/16<br>അളവ് ബുക്ക്.നം 166/15-16<br>കരാറുകാരൻ-എ.കെ വിനോദ് (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-32/15-16/dt28.11.15 | 97/15-16<br>23.03.16<br>1₹43956/- | ഇനം നം.1<br>3.50m3 x<br>1735.34/m3=<br>₹6073.69 | ഇനം നം.2<br>0.52m3 x<br>1922.90/m3=<br>₹999.91/- | ഇനം നം.3<br>3.50m3 x<br>3761.72/m3=₹13166.02 | ഇനം നം.4<br>0.52 x<br>2785.37/m3=₹1448.39 | 21688.01 | 3.50/0.075m2 x 357.69=<br>₹16692.2 |
| 14 | പാലക്കാട് പേരോൽ ലിങ്ക് റോഡ് ടാറിംഗ് &ഡ്രെയിനേജ്.72/16<br>അളവ് ബുക്ക്.നം 166/15-16<br>കരാറുകാരൻ-എ.കെ വിനോദ് (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-35/15-16/dt28.11.15 | 77/15-16<br>17.03.16<br>₹677552/- | ഇനം നം.8<br>7.66m3 x<br>1735.34/m3=<br>₹13292.90 | ഇനം നം.9<br>1.31m3 x<br>1922.90/m3=<br>₹2249.79/- | ഇനം നം.10<br>7.66m3 x<br>3761.72/m3=₹28814.78 | ഇനം നം.11<br>1.31 x<br>2785.37/m3=₹3258.88 | 47616.35 | 7.66/0.075m2 x 357.69=<br>₹36532.07 |
| 15 | കുഞ്ഞിപ്പള്ളിക്കാൽകിഴക്കെക്കര റോഡ് റീടാറിംഗ്.187/16<br>അളവ് ബുക്ക്.നം 166/15-16<br>കരാറുകാരൻ-എ.കെ വിനോദ് (എസ്റ്റിമേറ്റ് നിരക്കിൽ)<br>കരാർ-35/15-16/dt28.11.15 | 42/15-16<br>28.1.16<br>₹494038/- | ഇനം നം.1<br>13.46m3 x<br>1735.34/m3=<br>₹23357.68 | ഇനം നം.2<br>1.70m3 x<br>1922.90/m3=<br>₹3268.93/- | ഇനം നം.3<br>13.46m3 x<br>3761.72/m3=₹50632.75 | ഇനം നം.11<br>1.70 x<br>2785.37/m3=₹4735.13 | 81994.49 | 13.46/0.075m2 x 357.69=<br>₹64193.43 |
| | ആകെ | | | | | | 825211.54 | 641409.22 |

അധികം തുക (825211.54-641409.22) ₹183802.32നൽകാനിടയായതിന് വിശദീകരണംആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 21/31.03.16 ന് ലഭിച്ച മറുപടിയിൽ ഡി.എ.ആർ ലെ അന്നത്തെ നിരക്ക് 16.36.2 ലെ

നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് പ്രവൃത്തി നടത്തിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. MoRD ഡേറ്റാ പ്രകാരം ഒബ്സേർവ്ഡ് ഡേറ്റാ തയ്യാറാക്കാത്തതിനാൽ ₹183802.32 അധികമായി നൽകാനിടയായ സാഹചര്യത്തിൽ മറുപടി പൂർണ്ണമായും അംഗീകരിക്കാനാവില്ല. തുടർന്ന് ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാനും മുനിസിപ്പൽ ഫണ്ടിന് നഷ്ടം ഉണ്ടാകാത്ത രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കാനും പ്രത്യേകം ശ്രദ്ധിക്കേതാണ്.

## 3-15 മത്സ്യമാർക്കറ്റ് നവീകരണം- നിഷ്ഫലമായ ആസ്തി.

| | |
|---|---|
| നിർവ്വഹണം | അസി .എഞ്ചിനീയർ |
| പ്രോജക്റ്റ് നം | 119/15-16 |
| അടങ്കൽ | 175000/- |
| ബിൽ നം | 3/15-16 തീ.26.5.15 ₹50000/-<br>ചെക്ക്.നം.558884/3.07.15-₹117593/- |

1998 ൽ പണി പൂർത്തീകരിച്ചിട്ട് ഉപയോഗിക്കാതെ കിടന്ന കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി മേൽ തുക ചെലവഴിച്ചിരിക്കുന്നു.നിലവിലും കെട്ടിടം ഉപയോഗിക്കാതെ കാട്പിടിച്ച് നാശാവസ്ഥയിലാണ്. 17വർഷത്തോളം ഉപയോഗിക്കാതെകെട്ടിടത്തിന് പുനരുദ്ധാരണം നടത്തിയിട്ടും വീണ്ടുംഉപയോഗപ്പെടുത്താത്തത് ക്രമവിരുദ്ധമാണ്.പ്രസ്തുത കെട്ടിടം മത്സ്യമാർക്കറ്റായി തന്നെ ഉപയോഗിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.



## 3-16 എ.പി റോഡ് റീടാറിംഗ് അധിക തുക അനുവദിച്ചിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി .എഞ്ചിനീയർ |
| പ്രോജക്റ്റ് നം | 126/15-16 |
| അടങ്കൽ | 500000/- |
| കരാറുകാരൻ | ബാബു.എം ജോസഫ് (എസ്റ്റിമേറ്റ് നിരക്കിൽ) |
| അളവ് ബുക്ക് | 126/15-16 |
| ബിൽ നം | 43/15-16<br>28.01.16<br>₹494682/ |
| കരാർ നം | 12/15-16/dt.08.09.15 |

അളവ് ബുക്കിലെ ഇനം 3 പ്രകാരം Filling up pot holes(cut and formed regular shape and all loose and defectivr meterials removed)after applying a prime coat of bitumen,using 36mm metal and compscting with power roller to get compacted surface and applying hot bitumen by pressure എന്ന ഇനം 11.59m3 മാത്രമാണ് ചെയ്തിരിക്കുന്നത്. എന്നാൽ 12.05 കണക്കാക്കിതുക

നൽകിയിരിക്കുന്നു. കൂടാതെ ഈ ഇനം നടത്തുന്നതിനാവശ്യമായ ഇനം 1 പ്രകാരം 36 mm മെറ്റൽ 12.05m3 സ്റ്റാക്ക് ചെയ്തിട്ടുണ്ടെങ്കിലും ഇനം 3 പ്രകാരമുള്ള അളവിൽ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ താഴെപ്പറയുന്ന രീതിയിൽ നഷ്ടം സംഭവിച്ചിരിക്കുന്നു.

| ക്രമനം | ഇനം | ചെയ്ത പ്രവൃത്തിയുടെ അളവ് | അനുവദിച്ച നിരക്ക്.(₹) | ആകെ അനുവദിച്ച തുക. (₹) | ആകെ അനുവദിക്കാവുന്ന തുക.(₹) | അധികം നൽകിയത്.(₹) |
|---|---|---|---|---|---|---|
| 1 | Filling up pot holes using 36mm metal | 11.59m3 | 3761.72/m3 | 12.05m3 x 3761.72/m3 = 45328.73 | 11.59x 3761.72/m3= 43598.34 | 1730.39 |
| 2 | Supplying and stacking 36mm size hard blue broken stone | 11.59m3 | 1735.34/m3 | 12.05m3 x 1735.34= 20910.85 | 11.59 x 1735.34= 20112.59 | 798.26 |
| | ആകെ | | | | | 2528.65 (Rounded to 2529/-) |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 തീ.30.01.2017) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ അധികം നൽകിയ 2529/- രൂപ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-17 തനത് വരുമാനം-അവലോകനം

I. വസ്തു നികുതി നിർണ്ണയം

നീലേശ്വരം നഗരസഭയുടെ 15.12.2011 തീയ്യതിയിലെ സി.ആർ. നമ്പർ 04/11 പ്രകാരം നഗരസഭയിലെ ഓരോയിനം കെട്ടിടത്തിന്റെയും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് കേരള മുനിസിപ്പാലിറ്റി നിയമം 233-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിർണ്ണയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ചുമത്തേണ്ട നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം, മേൽക്കൂരയുടെ നിർമ്മിതി തുടങ്ങി അടിസ്ഥാന നികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്നിവ നിർണ്ണയിക്കുന്നതിനായി മുനിസിപ്പാലിറ്റി, ഭൂപ്രദേശം മേഖലകളായി തരം തിരിച്ചതിന്റെയും റോഡുകളുടെ തരം തിരിവിന്റെയും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 3 ലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് തറ വിസ്തീർണ്ണം കണക്കാക്കിയിരുന്നത്. ചട്ടം 3(4) പ്രകാരം പൊതു ഉപയോഗത്തിനായി മാറ്റിവെച്ച ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗത്തേയ്ക്ക് കൂട്ടിച്ചേർത്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. വാണിജ്യ കെട്ടിടങ്ങളെ ഗാർഹികമായി കണക്കാക്കി നികുതി നിർണ്ണയം നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമം 235-ാം വകുപ്പിൽ പറയുന്ന കെട്ടിടങ്ങൾക്കല്ലാതെ മറ്റ് കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. മൊബൈൽ ടവറുകൾ, സ്വകാര്യ ഹോസ്റ്റൽ, മൈക്രോ ആന്റ് മീഡിയം എന്റർപ്രൈസസ്സിൽ രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളും, കോമ്പൗണ്ടിൽ വരുന്നതും അവയുടെ മാത്രം ഉപയോഗത്തിനുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയുടെയെല്ലാം നികുതി നിർണ്ണയം ചട്ട പ്രകാരമാണ്. കെട്ടിട നിർമ്മാണ രജിസ്റ്ററിൽ പൂർത്തീകരണം കാണിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

പുതുതായി അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളെല്ലാം ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് ഒരു അർദ്ധ വർഷത്തേക്കു മാത്രം വസ്തു നികുതി കണക്കാക്കിയ സംഗതികളിൽ തുടർന്നുള്ള വർഷങ്ങളിൽ മുഴുവൻ വാർഷിക നികുതിയും ഡിമാൻറ് ചെയ്തിട്ടുണ്ട്. ചട്ടം 21 ലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയത്. പൊളിച്ചു കളഞ്ഞതിനാൽ നികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിമുക്തഭടന്മാരുടെ വസ്തു നികുതി ഒഴിവാക്കി നൽകിയത് ജി.ഒ(എം.എസ്) 242/13/ത.സ്വ.ഭ.വ തീയ്യതി 02.07.2013 ലെ നിബന്ധനകൾ പാലിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം 01.04.2013 തീയ്യതി മുതൽ പ്രാബല്യം നൽകിക്കൊണ്ട് നടപ്പാക്കിയിട്ടുള്ളതും 01.04.2013 മുതലുള്ള കുടിശ്ശിക കണക്കാക്കി ഈടാക്കിപ്പോരുന്നുണ്ട്.

തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പാർപ്പിടം, വാണിജ്യം എന്നീ ആവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വസ്തു നികുതി ആദ്യമായ നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ കുറഞ്ഞത് 25% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സർക്കാർ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (ഹയർ സെക്കണ്ടറി തലം വരെയുള്ള) കെട്ടിടങ്ങൾക്ക് 14.01.2011 മുതൽ 25.11.2012 വരെയുള്ള കാലയളവിൽ വസ്തു നികുതി ഈടാക്കിയിട്ടില്ല. 2000 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ളതും ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ലാത്തതുമായ വീടുകൾക്ക് സ.ഉ(എം.എസ്) 144/2015 തീയ്യതി 27.04.2015 പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സഞ്ചയയിലെ കണക്കും ഡിമാന്റ് രജിസ്റ്ററിലെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വർഷാവസാന നികുതി കുടിശ്ശിക വർഷം തിരിച്ച് സഞ്ചയയിൽ നിന്നും ലഭ്യമാണ്. സഞ്ചയയിൽ നടത്തിയ ഡാറ്റാ എൻട്രിയിൽ വിട്ടുപോയ കെട്ടിടങ്ങൾ ഉൾപ്പെടുത്തുന്നതിനായി സ്ഥല പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015-16 ലെ തൻവർഷ ഡിമാന്റ് 2014-15നെക്കാൾ കുറഞ്ഞിട്ടില്ല.

II.പരസ്യനികുതി - പരസ്യ നികുതി ഈടാക്കി വരുന്നുണ്ടെങ്കിലും നിയമാനുസൃതം ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. കരട് നിയമാവലി തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പരസ്യ നികുതി 2013-14 വർഷം മുതൽ റവന്യൂ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് ബിൽ കലക്ടർമാർ പിരിച്ച് വരുന്നുണ്ട്.

<u>പരസ്യ നികുതി പിരിവ് വിശകലനം</u>

| വർഷം | പരസ്യ നികുതി ഡിമാന്റ് | പരസ്യ നികുതി പിരിവ് | പരസ്യ നികുതി ബാലൻസ് | പിരിവിന്റെ പുരോഗതി |
|---|---|---|---|---|
| 2013-14 | 24000 | 24000 | ഇല്ല | ഓരോ വർഷവും മുൻവർഷത്തേക്കാൾ പുരോഗതി കൈവരിച്ചിട്ടുണ്ട് |
| 2014-15 | 50000 | 50000 | ഇല്ല | |
| 2015-16 | 65230 | 65230 | ഇല്ല | |

ഇത്തരത്തിൽ റവന്യൂ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് നികുതി പിരിച്ചെടുക്കാൻ ആരംഭിച്ചതു മുതൽ പരസ്യ ലേലം വഴി നികുതി പിരിച്ചെടുക്കുന്നതിനേക്കാൾ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. പരസ്യ നികുതി പിരിവുമായി ബന്ധപ്പെട്ട് കേസുകളൊന്നും നിലവിലില്ല. യാതൊരു കാരണത്താലും പരസ്യ നികുതി പിരിവ് തടസ്സപ്പെട്ടതായി അറിവ് ലഭ്യമായിട്ടില്ല. അനധികൃത പരസ്യ പ്രദർശനങ്ങൾ അതത് വ്യക്തികൾക്ക് നോട്ടീസ് നൽകി നീക്കം ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. വൃക്ഷങ്ങൾക്ക് നാശം ഉണ്ടാവുന്ന രീതിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. മുനിസിപ്പാലിറ്റി പരിധിയിൽക്കൂടി കടന്നു പോകുന്ന പബ്ലിക് സർവ്വീസ് വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല. പരസ്യ നികുതി ഈടാക്കുന്നതിൽ മുനിസിപ്പാലിറ്റിക്ക് വൻ തോതിൽ ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

III വിനോദ നികുതി - ഇല്ല

IV- <u>കെട്ടിട നിർമ്മാണ ചട്ടങ്ങൾ തറവിസ്തീർണ്ണാനുപാതവും പരിധിയും</u>

നീലേശ്വരം മുനിസിപ്പാലിറ്റിയിൽ 300ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണം വരുന്ന വാസഗൃഹങ്ങൾക്ക് നിർമ്മാണപെർമിറ്റ് നൽകിയിട്ടില്ല.ഓരോ കൈവശത്തിന്റെയും പരമാവധി കവറേജ് (പുരയിട വിസ്തീർണ്ണ ശതമാനം) പട്ടിക 2 ൽ നിശ്ചയിച്ചതിൽ കൂടുതലില്ല. തറവിസ്തീർണ്ണാനുപാതം കണക്കാക്കുന്നതിന് ചട്ടപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള ഏരിയ ഒഴികെയുള്ളവ എഫ്.എ.ആർ കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പരമാവധി എഫ്.എ.ആർ-ൽ കവിഞ്ഞുള്ളതിന് പെർമിറ്റ് അനുവദിച്ചിട്ടില്ല. എഫ്.എ.ആർ കണക്കാക്കുന്നതിലെ അപാകതകൾ കാരണം നഷ്ടം സംഭവിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്/റഗുലറൈസേഷനുള്ള എല്ലാ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആധാരത്തിന്റെ പകർപ്പ്, കെട്ടിടത്തിന്റെ പ്ലാൻ എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

V) <u>ഡി. & ഒ. ട്രേഡ് ലൈസൻസ്</u>

ചട്ടം 4 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലൈസൻസ് ആവശ്യമായ വ്യാപാരികളുടെയും ഫാക്ടറികളുടെയും പട്ടിക തയ്യാറാക്കിയിട്ടുണ്ട്. സമയ പരിധിക്കകം എല്ലാ അപേക്ഷകൾ ലഭിച്ചിട്ടില്ല. ലൈസൻസ് ഫീസ് ചട്ട പ്രകാരം ഈടാക്കിയിട്ടുണ്ട്. നിയമപ്രകാരം അധിക ഫീസ് ഈടാക്കിയിട്ടുണ്ട്. നിരാക്ഷേപ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കെതിരെയും നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല. ലഭിച്ച

അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

VI സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം .
(ഖണ്ഡിക 3-1 കാണുക)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മുനിസിപ്പാൽ എഞ്ചിനീയർ | കോയാമ്പുറം കുടിവെള്ള പദ്ധതി | 633951/15.02.2016 | 20,000 | 20,000 | ഇല്ല |
| മുനിസിപ്പാൽ എഞ്ചിനീയർ | ആനച്ചാൽ ഓർച്ച റോഡിൽ സ് ടീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 631778/19.10.2015 | 1,21,810 | 1,21,810 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2015-16 ഇ.എം.എസ് | ജി.ഒ.(എം.എസ്) നം.306/11 തിയതി. 7-12-2011 | 1,16,00,000 | 36,57,500 | 36,57,500 | --- | ഇല്ല. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 25000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25000(share) |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച 2,500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-2007 | 3(3) | 1,000 | വി.വി.ബാലൻ ,കരാറുകാരൻ | 11506104680/16.07.15 |
| 2003-04 | 2(2) | 1500 | എം.ഗോവിന്ദൻ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | 11506102656/06.06.15 |
| | ആകെ | 2,500 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 83 | 2003-04 | 3-14-2 | നടപ്പാലം റിപ്പയർ സംബന്ധിച്ച് | തടസ്സം തുടരുന്നു |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2011-12 | --- | 2012-13 | 3.1.5.5<br>3.1.5.9<br>3.1.5.10<br>3.1.5.11<br>3.1.5.13 | ഖരമാലിന്യ പരിപാലനം അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 21,66,25,767 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16,34,56,291 |
| വരവിനങ്ങളിലുള്ള നഷ്ടം | 12,350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 81,529 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,32,592 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2(1) | 12,350 | ഇല്ല | ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി |
| 3(1) | ഇല്ല | 25,000 | ശ്രീ.സതീഷ് കുമാർ.എം,<br>പട്ടികജാതി വികസന ഓഫീസർ |
| 3(2) | ഇല്ല | 54,000 | ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി |
| 3(16) | ഇല്ല | 2,529 | ശ്രീ.സിജോ.പി.എസ് മുനിസിപ്പൽ എഞ്ചിനിയർ |
| ആകെ | 12,350 | 81,529 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(3)a | 44,000 | ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി |
| 3(3)b | 4,80,000 | ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി |
| 3(4) | 38,770 | ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി |
| 3(5) | 1,18,816 | ശ്രീമതി.സരസമ്മ.ബി,ICDS സൂപ്പർവൈസർ |
| 3(6) | 71,906 | ശ്രീമതി.സരസമ്മ.ബി,ICDS സൂപ്പർവൈസർ |
| 3(7) | 34,500 | ശ്രീമതി.ദിനപ്രഭ.കെ.പി,ഹെഡ്മാസ്റ്റർ |
| 3(10) | 21,000 | ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി |
| 3(11) | 9,800 | ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി |
| 3(13) | 13,800 | ശ്രീ.പ്രമോദ്.കെ,മെമ്പർ സെക്രട്ടറി |
| ആകെ | 8,32,592 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ)ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സതീഷ് കുമാർ.എം, പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | ശിവപ്രിയ, തേക്കേവിള (പി.ഒ) കൊല്ലം-16 |
| ശ്രീ.എൻ.കെ.ഹരീഷ് ,സെക്രട്ടറി | ലഭ്യമല്ല | നായർ കുന്നത്ത് വീട്, കിനത്തൂർ( പി.ഒ) കോഴിക്കോട് |
| ശ്രീ.സിജോ.പി.എസ് മുനിസിപ്പൽ എഞ്ചിനിയർ | ലഭ്യമല്ല | പനങ്ങാട് വീട്,കാവിൽകഡവ്, കൊടുങ്ങള്ളൂർ (പി.ഒ) 680664 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1987-88,1988-89 | എൽ.എഫ്.കെ.എസ്.ഡി5/233/99തിയ്യതി.9.12.00 | 3 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി5/212/00തിയ്യതി.19.12.00 | 6 |
| 1991-92 | എൽ.എഫ്.കെ.എസ്.ഡി7/491/93തിയ്യതി.22.12.93 | - |
| 1992-93,93-94,94-95,95-96 | എൽ.എഫ്.കെ.എസ്.ഡി4/628/05തിയ്യതി.6.6.06 | 6 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി4/612/97തിയ്യതി.14.5.99 | 15 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5/539/99തിയ്യതി.3.4.00 | 21 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5/694/00തിയ്യതി.21.12.02 | 25 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി5/348/01തിയ്യതി.27.8.03 | 34 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി5/589/04തിയ്യതി.18.5.06 | 10 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4119/06തിയ്യതി.23.1.07 | 20 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4/590/04തിയ്യതി.3.4.06 | 5 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി3/1011/07തിയ്യതി.15.9.04 | 14 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി3/772/09തിയ്യതി.10.5.11 | 22 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3/773/09തിയ്യതി.12.7.11 | 16 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3/773/09തിയ്യതി.8.7.11 | 30 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി3/498/10തിയ്യതി.29.9.11 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3/499/10തിയ്യതി.12.9.11 | 23 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3/622/10തിയ്യതി.22.9.11 | 21 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി4/689/10തിയ്യതി.20.10.11 | 23 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി4/397/11തിയ്യതി.13.12.11 | 21 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.കെ.എസ്.ഡി6/364/11തിയ്യതി.5.9.12 | 34 |
| 2011-12,<br>2012-13 | എൽ.എഫ്.കെ.എസ്.ഡി6/602/14തിയ്യതി.16.2.15 | 28 |
| 2013-14 & 2014-15 | എൽ.എഫ്.കെ.എസ്.ഡി4/309/14തിയ്യതി.27.07.2016 | 17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കാസറഗോഡ്

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി -4/103 / 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

ഇ.മെയിൽ doksd.ksad@kerla.gov.in

ഫോൺ നം.04994256690 പിൻ - 671123

തീയതി. 02.02.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീലേശ്വരം നഗരസഭയുടെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## AUDIT CERTIFICATE

No. KSA-KSD-4 / 103/2017

Kerala State Audit Department

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Dated: 02.02.2017

Certified that I have audited the Annual Financial Statement of Nileswaram Municipality in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities .

In my opinion, the Financial Statements of Nileswaram Municipality for the year 2015-16 except the observations in my Audit Report, properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

District Audit Office, Kasaragod